# Lourde Voice

# ലൂർദ്ദ് വോയ്സ്

**MAY - JUNE 2022**










## LOURDES FORANE CHURCH

GANDHIPURAM, COIMBATORE

www.lourdesforane.com

www. lourdematrimonial.com



















BTI

**BEETEX® INDUSTRIES**

808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ലൂർദ്ദ് വോയ്സ്

ഗാന്ധിപുരം, കോയമ്പത്തൂർ

WWW.LOURDESFORANE.COM

പുസ്തകം 6 | മെയ് – ജൂൺ 2022 | ലക്കം 2

കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും

ലൂർദ്ദ്വോയ്സ് പാരിഷ് ബുള്ളറ്റിൻ,
lourdevoicegandhipuram@gmail.com

കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30

Chief Editor:
Fr. Thomas Kavungal
Ph: 9443937675
Sub- Editor:
Fr. Chacko Vadakkethalackal MCBS
Ph: 8281773551
Editorial Board:
Mrs. Deepa Biju
Mrs. Tina Felix
Mrs. Ajimol Antony
Mrs. Baby Davis
Sr. Maria Celine
Mr. Poulose
Mr. P. J. James
Mrs. Beena Mathew
Mrs. Deepa Anand
Printing and Publishing:
Mr. Felix P. S.
Mr. Joffy C. J.
Kaikkars
Mr. C.G. Antony
Mr. Shaju Edakalathur
Advertisement:
Mr. A. R. Jose
9894031020
Mr. Sijo Jose
9944551415
Secretary:
Sr. Therese John FCC
PRO:
Mr. James M. A.
Ph: 9843316164

എഡിറ്റോറിയൽ

ഇടയമൊഴി

Failure + Failure = Success

ഇടവക വാർത്തകൾ

സംഘടനാവാർത്തകൾ


ഓർമ്മിക്കേണ്ട ദിവസങ്ങൾ

സഭാവാർത്തകൾ

Catechism & SMYM News

Kids Corner

Marian Knowledge





അജിമോൾ ആന്റണി

*എഡിറ്റോറിയൽ*

# റഷ്യ – യുക്രെയ്ൻ നല്കുന്ന പാഠങ്ങൾ

**“കർത്താവ് ജനതകളുടെ മധ്യത്തിൽ വിധികർത്താവായിരിക്കും. ജനപദങ്ങളുടെ തർക്കങ്ങൾ അവസാനിപ്പിക്കും”. (ഏശയ്യ 2:4)**

റഷ്യ-യുക്രെയ്ൻ സംഘർഷം ലോകരാഷ്ട്രങ്ങളെയാകെ സാമ്പത്തിക പ്രതിസന്ധിയിലാഴ്ത്തിക്കൊണ്ട് രണ്ടു മാസങ്ങൾ പിന്നിടുകയാണ്. നാറ്റോ സഖ്യത്തിൽ അംഗമാക്കാനുള്ള യുക്രെയ്ന്റെ ശ്രമം തങ്ങളുടെ രാജ്യസുരക്ഷയ്ക്ക് ഭീഷണിയാണെന്ന ന്യായത്തിലൂന്നിയാണ് റഷ്യയുടെ യുക്രെയ്ൻ അധിനിവേശമെങ്കിലും ഏതു യുദ്ധത്തിന്റെയും ഇരകളാകുന്നത് സാധാരണ ജനങ്ങളാണ്. ഒരു രാജ്യത്തിന്റെ യുദ്ധാതിക്രമവും കയ്യേറ്റവും മറ്റൊരു രാജ്യത്തിൻമേൽ മാത്രമല്ല; മാനവരാശിയോടാണ്. യുദ്ധം എപ്പോഴും ലോകസമാധാനത്തെയാണ് വെല്ലുവിളിക്കുന്നത്.

യുദ്ധക്കെടുതികൾ എന്നും കണ്ണു നനയിക്കുന്നവയാണ്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം യൂറോപ്പ് സാക്ഷ്യംവഹിച്ചത് ഏറ്റവും വലിയ വേഗമേറിയ അഭയാർത്ഥിപ്രവാഹത്തിനാണ്. ജന്മനാടും വീടുമുപേക്ഷിച്ച് പാലായനം ചെയ്തവരുടെ എണ്ണം നാൽപത്തിയൊൻപതുലക്ഷത്തിലേറെയായെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കോടിക്കണക്കിനു മനുഷ്യരുടെ സമാധാനവും പ്രത്യാശയും നഷ്ടപ്പെട്ട, കോടികളുടെ നാശനഷ്ടത്തിനും, അനേകരുടെ ജീവഹാനിക്കും സാമ്പത്തിക പ്രതിസന്ധിക്കും വഴിവെട്ടിയ യുദ്ധം എട്ടാം ആഴ്ചയിലേക്ക് പ്രവേശിച്ചപ്പോൾ മൂവായിരത്തോളം യുക്രെയ്ൻ സൈനികരും ഇരുപതിനായിരത്തോളം റഷ്യൻ സൈനികരും കൊല്ലപ്പെട്ടതായി യുക്രെയ്ൻ പ്രസിഡന്റ് വൊളോടിമിർ സെലൻസ്കി അറിയിച്ചു. പുറം ലോകവുമായി ബന്ധമറ്റ് യുക്രെയ്ൻ നഗരങ്ങളിൽ ഭക്ഷണം ലഭിക്കാതെ പത്തുലക്ഷംപേർ കുടുങ്ങിക്കിടക്കുന്നതായും റിപ്പോർട്ടു

കളുണ്ട്. യുദ്ധത്തിൽ കൊല്ലപ്പെട്ട ജനങ്ങളുടെ യഥാർത്ഥ കണക്കുകൾ ഇനിയും ലഭ്യമായിട്ടില്ല. കീവ് നഗരാതിർത്തിയിൽ കണ്ടെത്തിയ 900 മൃതദേഹങ്ങൾ റഷ്യൻ സൈനികരുടെ വെടിവയ്പിൽ കൊല്ലപ്പെട്ടവരുടേതാണെന്നും കൂട്ടകുഴിമാടങ്ങളിൽനിന്നും സൈനികർ മൃതദേഹങ്ങൾ എടുത്തുമാറ്റുന്നുവെന്നുള്ള വാർത്തകൾ ധാർമ്മിക അധഃപതനത്തിന്റെ കാഴ്ചകളാണ്. നിഷ്കളങ്കരായ മനുഷ്യരുടെ വേദനകളും യുദ്ധത്തിന്റെ ഭീകരതയും മാധ്യമങ്ങളിലൂടെ കണ്ടതിനും കേട്ടതിനുമപ്പുറമാണ് എന്നതാണ് യാഥാർത്ഥ്യം.

യുറോപ്യൻ രാജ്യങ്ങളുടെ മാത്രമല്ല, ലോകരാജ്യങ്ങളുടെപോലും രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക മേഖലയെ ഇത് സാരമായി ബാധിച്ചിരിക്കുന്നു. യുദ്ധം വിലക്കയറ്റത്തിനും പ്രകൃതി വാതകങ്ങളുടെ ക്ഷാമത്തിനും ആഗോള ഭക്ഷ്യപ്രതിസന്ധിക്കും കാരണമായിക്കൊണ്ടിരിക്കുന്നു. കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറാൻ തന്ത്രപ്പെടുന്ന ലോകരാജ്യങ്ങൾക്ക് ഇത് കടുത്ത സാമ്പത്തിക ബാധ്യതയുണ്ടാകുന്നു. തൊഴിലും സമ്പാദ്യവും നഷ്ടപ്പെട്ടവർ നിരാശക്കും മദ്യപാനത്തിനും അടിമപ്പെടുന്നു. കുട്ടികളിലും യുവജനങ്ങളിലും വെറുപ്പിന്റെ, പകയുടെ, പ്രതികാരത്തിന്റെയൊക്കെ ചിന്തകൾ കടന്നുകൂടുന്നു. വിദ്യാഭ്യാസവും തൊഴിലും വരുമാന മാർഗ്ഗങ്ങളും പാതിവഴിയിൽ ഉപേക്ഷിച്ച് അയൽരാജ്യങ്ങളിൽ അഭയം തേടിയവരുടെ ഭയാശങ്കകൾ അകറ്റാൻ ലോകരാഷ്ട്രങ്ങൾ ശക്തമായ നടപടികൾ കൈക്കൊള്ളണം.

കത്തോലിക്കാസഭ എന്നും യുദ്ധം ഒഴിവാക്കണമെന്നും സമാധാനം പുനഃസ്ഥാപിക്കണമെന്നും ആഗ്രഹിക്കുന്നു. “യുദ്ധം ഒഴിവാക്കുന്നതിന് എല്ലാ പൗരന്മാരും ഭരണകർത്താക്കളും കടപ്പെട്ടിരിക്കുന്നു” (C.C.C 2308). കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ എന്ന നിലയിലും വത്തിക്കാൻ എന്ന പരമാധികാരരാജ്യത്തിന്റെ ഭരണാധികാരി എന്ന നിലയിലും ഈ ലോകത്ത് അരങ്ങേറുന്ന അധാർമ്മികതയെ തള്ളിപ്പറഞ്ഞു മറ്റുരാജ്യങ്ങളുമായുള്ള വത്തിക്കാന്റെ നയതന്ത്രബന്ധങ്ങളിൽ വിള്ളലുണ്ടാകാതെ സൂക്ഷിച്ചുകൊണ്ടും സംവാദത്തിലൂന്നിയ ചർച്ചകളെ പ്രോത്സാഹിപ്പിച്ച് സമാധാനത്തിലേക്ക് നയിക്കുക എന്ന ഫ്രാൻസിസ് പാപ്പയുടെ നിലപാട് ശ്രദ്ധേയമാണ്. യുദ്ധം ചെയ്യുന്നവർ

മനുഷ്യരെ മറക്കുന്നവരും ജനജീവിതത്തെ അവഗണിക്കുന്നവരും എല്ലാറ്റിനുമുപരി യായി അധികാരത്തെ പ്രതിഷ്ഠിക്കുന്നവരും യുദ്ധങ്ങളുടെ പൈശാചി കവും തലതിരിഞ്ഞതുമായ യുക്തിയിൽ വിശ്വസിക്കുന്നവരുമാണ് എന്ന് മാർപ്പാപ്പ പ്രസ്താവിച്ചു. മനുഷ്യരാശിയെ മുഴുവൻ പ്രത്യേകമായി യുദ്ധകലുഷിതമായ റഷ്യയെയും യുക്രെയ്നെ യും പരി. കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനു സമർപ്പിച്ചുകൊണ്ട് മംഗളവാർത്തതിരുനാൾ ദിനത്തിൽ മാർപ്പാപ്പ നടത്തിയ പ്രത്യേക ശുശ്രൂഷ ഇരുരാജ്യങ്ങളുടെയും സമാധാനത്തിനായുള്ള നടപടിയായി കരുതാം.

യുദ്ധം ഒരിക്കലും ആർക്കും ആത്യന്തികമായ വിജയം നല്കുന്നില്ല; എല്ലാവർക്കും നഷ്ടങ്ങളെ നല്കുന്നുള്ളൂ എന്ന തിരിച്ചറിവുണ്ടാകണം. ഏതൊരു രാജ്യത്തിന്റെയും പരമാധികാരവും സ്വാതന്ത്ര്യവും മാനിക്കപ്പെടണം. “ഹിംസയിലൂടെ നേടുന്ന വിജയം വിജയമല്ല. അത് തോൽവിയാണ്. എന്തെന്നാൽ അത് വെറുംനൈമിഷികം മാത്രം” (മഹാത്മാഗാന്ധി). യുദ്ധസന്നദ്ധരായി നില്കുന്നവരൊക്കെ മാനവരാശിയുടെ വിപത്താണെന്ന് നാം തിരിച്ചറിയണം. ഇനിയൊരു യുദ്ധം വേണ്ട എന്ന ആത്മാർത്ഥമായ തീരുമാനമുണ്ടാകണം. “മനുഷ്യ ജീവനോടുള്ള ആദരവും അതിന്റെ വികാസവും സമാധാനം ആവശ്യപ്പെടുന്നു. വെറും യുദ്ധമില്ലായ്മല്ല; സമാധാനം” (C.C.C. 2304). മനുഷ്യജീവന്റെ പവിത്രതയ്ക്കെതിരായ യുദ്ധം മൂലമുണ്ടാകുന്ന തിന്മകളുടെയും അനീതികളുടെയും അടിമത്ത്വത്തിൽ നിന്ന് നല്ലവനായ ദൈവം നമ്മെ മുക്തമാക്കുന്നതിനായി പ്രാർത്ഥിക്കുന്നതിനും പ്രവർത്തി ക്കുന്നതിനും സഭ നിർബന്ധബുദ്ധിയോടെ ആഹ്വാനം ചെയ്യുന്നു.

“സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാ രെന്ന് വിളിക്കപ്പെടും” (മത്താ 5:9). സമാധാനരാജാവായ ഉത്ഥിതനായ മിശിഹാ സമാധാനം പുനഃസ്ഥാപിക്കട്ടെ.



ഫാ. തോമസ് കാവുങ്കൽ
വികാരി

## ഇടയമൊഴി

# ലിവിങ്ടുഗെതറും പങ്കുവെയ്ക്കലും

പങ്കുവയ്ക്കലിന്റെ പരകോടിയിലെത്തി നിൽക്കുന്നു ഇന്ന് ദൈവത്തിന്റെ സ്വന്തം നാട്. പക്ഷെ ജീവിതപങ്കാളിയെപോലും വച്ചുമാറുന്ന ധാർമ്മികാധഃപതനത്തിനാണ് കേരളം 2022-ന്റെ തുടക്കം തന്നെ സാക്ഷിയായത്. നമ്മുടെ നാടും നമ്മുടെ നാട്ടിൽ ഇപ്പോൾ വ്യാപിച്ചിരിക്കുന്ന ഒരു വലിയ സെക്സ്റാക്കറ്റാണ് Couple Swaping അഥവാ പങ്കാളിയെ വച്ചുമാറൽ. സോഷ്യൽ മീഡിയിലൂടെ ഈ Couple Swaping (പങ്കാളിയെ വച്ചുമാറൽ) നടക്കുന്നു എന്നതാണ് അന്വേഷണ നിഗമനം. ഭോഗതൃഷ്ണയ്ക്കുവേണ്ടി വ്യക്തിയെ വസ്തുവായി കാണുകയും വച്ചുമാറുകയും ചെയ്യുന്ന ഈ കച്ചവടസമ്പ്രദായം നാടിന്റെ സാമൂഹികഭദ്രതയെ തകർത്തിരിക്കുന്നു. സമൂഹത്തിന്റെയും സംസ്ക്കാരത്തിന്റെയും അടിത്തറ പാകുന്ന കുടുംബമെന്ന സംവിധാനത്തിനാണ് ഇവിടെ ഉലച്ചിൽ തട്ടിയിരിക്കുന്നത്. ഇണയും തുണയുമായി ജീവിതത്തിലേക്കുവരുന്ന പങ്കാളിയെ ഹൃദയത്തോടുചേർത്തു നിർത്തി നിധിപ്പോലെ സൂക്ഷിച്ചിരുന്ന ശ്രേഷ്ഠവും കുലീനവുമായ ഒരു സംസ്ക്കാരത്തിൽനിന്നാണ് ഈ സ്വാപ്പിംഗ് പ്രവണതയിലേക്ക് എത്തിചേർന്നിരിക്കുന്നത്. സ്വാർഥതക്കും നൈമിഷികസുഖത്തിനും വേണ്ടി പരക്കംപായുകയും പുതിയ രീതികൾ അവലംബിക്കുകയും അതിന്റെ പുറകേപോവുകയും ചെയ്യുന്നത് നമ്മുടെ യുവതലമുറയാണ്. ഇത് കാലഘട്ടത്തിന്റെ ഒരു മാറ്റമല്ല, മറിച്ച് മാറാവ്യാധിയാണ്.

കുടുംബജീവിതത്തെ തകർക്കുന്ന മറ്റൊരു വൈറസാണ് *ലിവിങ്ടുഗെതർ.* പാശ്ചാത്യരാജ്യങ്ങളിൽ വേരുപിടിച്ചതും ഇപ്പോൾ നമ്മുടെ നാട്ടിൽ ആരംഭിച്ചിരിക്കുന്നതുമായ ഒരു പ്രതിഭാസമാണ് ഇത്. പ്രായപൂർത്തിയായ ഒരു യുവാവും യുവതിയും മതപരമായതോ, സിവിൽ നിയമമനുസരിച്ചുള്ളതോ ആയ വിവാഹത്തിൽ ഏർപ്പെടാ

തെ ഒരുമിച്ചു താമസിക്കുന്ന സാഹചര്യമാണിത്. ഇങ്ങനെ ഒരുമിച്ച് താമസിക്കുന്നത് സിവിൽ നിയമമനുസരിച്ച് വിവാഹിതരാകാനുള്ള യോഗ്യത ഉള്ളവരായിരിക്കണമെന്ന് ഭാരതത്തിന്റെ പരമോന്നത നീതിപീഠം വ്യക്തമാക്കുന്നു (10 SC 4469). ഇത് സാമൂഹിക വ്യവസ്ഥിതി യിൽ അധാർമികമെന്ന് വിലയിരുത്തപ്പെടുമെങ്കിലും ഇത് നിയമവിരുദ്ധ മായ ഒരു യാഥാർഥ്യമല്ലെന്നും സുപ്രീംകോടതി വിലയിരുത്തിയിട്ടുണ്ട് (5 SCC 600). എന്നാൽ മദ്രാസ് ഹൈക്കോടതിയുടെ വിധി ശ്രദ്ധേയമാണ്. നീണ്ടവർഷങ്ങൾ വിവാഹം കൂടാതെ ഒരുമിച്ചുതാമസിച്ചതിനുശേഷം, തന്നെ ഉപേക്ഷിച്ചുപോയ പുരുഷനിൽനിന്ന് ഭാര്യയ്ക്കടുത്ത അവകാ ശങ്ങൾ ലഭിക്കുന്നതിന് ഒരു സ്ത്രീ നൽകിയ പരാതി തള്ളിയ കോയമ്പത്തൂർ കുടുംബക്കോടതിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ടാണ് മദ്രാസ് ഹൈക്കോടതി നിരീക്ഷണം നടത്തിയത്. നിയമം അനുശാസിക്കുന്ന ഏതെങ്കിലും വിധത്തിൽ നിയമാനുസൃതം വിവാഹിതരാകാത്തവർക്ക് ഭാര്യ ഭർത്താക്കന്മാരുടെ അവകാശങ്ങൾ ഒരിക്കലും അവകാശപ്പെടാൻ സാധിക്കുകയില്ലെന്ന് കോടതി വ്യക്തമാക്കി. വിവാഹം കൂടാതെ ഒരുമിച്ച് താമസിക്കുന്നവർക്ക് തുല്ല്യാവകാശങ്ങൾ അവകാശപ്പെടാനാകില്ല എന്നത് ഇതിനാൽ വ്യക്തമാണ്.

പാശ്ചാത്യർക്കുപോലും അത്ഭുതം നൽകുന്ന അത്രയേറെ സുദൃഢമായ കുടുംബബന്ധങ്ങളായിരുന്നു നമ്മുടെ നാടിന്റെ ഐശ്വര്യം. കുടുംബ ബന്ധങ്ങളും അതിലൂടെ ആർജിതമാകുന്ന മൂല്യങ്ങളു മായിരുന്നു എന്നും നമ്മുടെ സമൂഹത്തിന്റെ മുതൽക്കൂട്ട്. പക്ഷേ, ഇന്നത്തെ സ്ഥിതി വളരെ ദയനീയമാണ്. ദാമ്പത്യ കൊലപാതകങ്ങൾ, ആത്മഹത്യ പ്രവണതകൾ, ഗുണ്ടാവിളയാട്ടങ്ങൾ, ഫോട്ടോഷൂട്ടുകളു ടെയും ഹണി ട്രാപ്പുകളുടെയും കീക്ലബുകളുടെയും പ്രണയകുരുക്കു കളുടെയും കാരണം നമ്മുടെ ദാമ്പത്യബന്ധത്തിൽ വന്ന തകർച്ചക ളാണ്. വിവിധങ്ങളായ വൈറസുകൾ വേഷം മാറി കുടുംബജീവിതത്തെ തകർക്കുമ്പോൾ വരുംതലമുറയ്ക്ക് ഇത് സൃഷ്ടിക്കുന്ന പ്രത്യാഘാ തങ്ങൾ അചിന്തനീയമാണ്. കുതിപ്പും വികസനവും നമ്മുടെ കുടുംബ ജീവിതത്തെ തകർക്കുന്നുവെങ്കിൽ അത് വളർച്ചയല്ല; തകർച്ചയാണ്.



ഇനി ലിവിങ്ടുഗെതർ നടത്തുന്നവരോടുള്ള സഭയ്ക്കുള്ള കാഴ്ചപ്പാട് നമുക്ക് നോക്കാം. വിവാഹം ഒഴികെ മറ്റുതരത്തിലുള്ള ബന്ധങ്ങളെ ക്രമരഹിത ജീവിതശൈലിയായിട്ടാണ് സഭ കാണുന്നത്. ലിവിങ്ടുഗെതർ ഇത്തരം ഒരു ക്രമരഹിത ജീവിതശൈലിയാണ്. അതിനാൽ, വി. കുമ്പസാരം വി. കുർബാന എന്നീ കൂദാശകൾ സ്വീകരിക്കാൻ ഇവർക്ക് സാധിക്കുകയില്ല. രജിസ്റ്റർ വിവാഹം നടത്തി, എന്നാൽ ദൈവാലയത്തിൽവച്ച് വിവാഹം നടത്താതെ ജീവിക്കുന്നവരുടെ സാഹചര്യത്തിനു തുല്യമാണ് ഇവരുടെ ജീവിതവും. ഇവർ സമൂഹത്തിൽ വലിയ ഉതപ്പുനൽകുന്നു. ദൈവം അനുഗ്രഹിച്ച വിവാഹമെന്ന കൂദാശ സ്വീകരിച്ചുകൊണ്ട് തങ്ങളുടെ ഉത്തരവാദിത്വങ്ങൾ സഭയോടുചേർന്ന് പ്രവർത്തിക്കാൻ ഇത്തരക്കാരെ ബോധ്യപ്പെടുത്തുക നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

ഒരു സംസ്ക്കാരം വളരുന്നത് മാറ്റങ്ങൾക്ക് വിധേയപ്പെട്ടാണ്. പക്ഷെ, അത് മാനവരാശിയുടെ ആത്മാവായ കുടുംബജീവിതത്തിനു ഹാനിവരുത്തികൊണ്ടാവരുത്. കുടുംബബന്ധങ്ങൾ സുദൃഢമാക്കാൻ സമൂഹവും ഭരണകൂടവും ജുഡീഷ്യറിയും സഭാനേതൃത്വവും എല്ലാം ഒരുപോലെ മുൻകൈ എടു ക്കണം. വ്യക്തിസ്വതന്ത്ര്യത്തെ ഉപയോഗിച്ച് എന്തുംചെയ്യാൻ സാധി ക്കും എന്ന് ചിന്തിക്കുന്ന തലമുറയ്ക്കുമുമ്പിൽ കുടുംബ ബന്ധത്തിന്റെയും വ്യക്തിബന്ധങ്ങളുടെയും പവിത്രത നമ്മുക്ക് വീണ്ടെടുക്കാം.

ഏവർക്കും നല്ല ഒരു അവധിക്കാലവും മാതാവിന്റെ വണക്കമാസ തിരുനാൾ മംഗളവും പുതിയ അധ്യായനവർഷവും തിരുഹൃദയ വണക്കമാസവും ആശംസിക്കുന്നു.



# FAILURE + FAILURE = SUCCESS

**Fr. Chacko Vadakethalackal MCBS**
Asst. Vicar

Let me begin my first article in the Lourde Voice with the title 'Failures'. Oh! Failures… something with a bad meaning and mad taste. Here let me ask you a question, do u Love Failures? Most of you say, No.

Once, Amy C. Edmondson, an American Scholar and author writes; "Most Peoples believe that failures are bad. But ever think if no failures, there is no success". Taking the words from Amy C. Edmondson, I could say that we should love and welcome failures in our lives. Once, A. P. J Abdul Kalam, a simple and humble personality from this beautiful Tamil Nadu, who taught us to dream big said, "If you fail, never give up; because FAIL means 'First Attempt in Learning'. And END is not the end; in fact, it is 'Effort Never Dies'. If you get NO from anyone, it means you have a 'Next Opportunity'. Most famous Basketball player Michael Jordan once said, "I have missed

more than 9000 shots in my career. I've lost almost 300 games in my career. 26 times, I have been trusted to take the game winning shot and missed. I have failed over and over again in my life and from there I became a success."

Most of the successful people have their own stories of failures in their lives. And most of them argued that failures are the stepping stones to their future success. Thomas Alwa Edison, who invented the lighting bulbs after his 1000 failures commented to a media that "The light bulb was an invention with 1,000 steps.""Failure is not an option," NASA flight controller Jerry C. Bostick reportedly stated during the mission to bring the damaged Apollo 13 back to Earth, and that phrase has been etched into the collective memory ever since.

Yes, failures by its nature are negative. But we can make it into positive with the help of God. Jesus in the eyes of humans was a failure. But he taught us to learn from the failures and thus he became an ever historic and divine personality in the world. And so, pause your life with negative feelings though you are in a failure. And ever think there is a victory waiting for you somewhere in your life. Try to find out the way to success. And on the way there is no role for the laziness, shortcuts and so on. Most Legendary Indian Cricketer Sachin Tendulkar says, "if you want to realize your dreams, short-cuts can't help you."

As St. Paul's, in his letter to Philippians says, "Forgetting what lies behind but straining forward to what lies ahead" (3:13). So, work hard and focus on your works with full commitment and enthusiasm. Make your failures, a way to success.

# ഇടവക വാർത്തകൾ

**നെറ്റിയിലെ വിയർപ്പുകൊണ്ട്...**

മെയ് 1-ാം തീയതി തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളാണല്ലോ. നമ്മുടെ വരുമാനമാർഗങ്ങളെ, തൊഴിൽ സ്ഥാപനങ്ങളെ, സഹപ്രവർത്തകരെ വി. യൗസേപ്പിതാവിന്റെ കരങ്ങളിൽ സമർപ്പിക്കാം. വി. യൗസേപ്പ് നമ്മുടെ അധ്വാനങ്ങളെ ആശീർവദിക്കട്ടെ. ഏവർക്കും തിരുനാൾ മംഗളങ്ങൾ.

**മാതാവിന്റെ വണക്കമാസം**

മെയ് 1-ാം തീയതി മുതൽ 31-ാം തീയതി വരെ മാതാവിന്റെ വണക്കമാസം വീടുകളിൽ ചൊല്ലാൻ എല്ലാവരും പരിശ്രമിക്കുക. മാതാവിന്റെ രൂപം അലങ്കരിച്ചും, വണക്കമാസപ്രാർത്ഥന കുടുംബപ്രാർത്ഥനയോടുചേർന്ന് സമർപ്പിച്ചും 'നല്ല മാതാവേ മരിയെ' എന്ന ഗാനം ആലപിച്ചും പരി. അമ്മയുടെ ഭക്തിയിൽ നമുക്ക് വളരാം.

**തൂവെള്ള വസ്ത്രവും മുടിയും ചാർത്തി...**

നമ്മുടെ ഇടവകയിൽ മെയ് 29-ന് രാവിലെ 10 മണിക്ക് ആദ്യകുർബാന സ്വീകരണം നടത്തപ്പെടുന്നു. ഇതിനുവേണ്ടി ഒരുങ്ങുന്ന കുട്ടികളെയും കുടുംബങ്ങളെയും നമുക്ക് ഈശോയ്ക്ക് സമർപ്പിക്കാം. നല്ല തമ്പുരാൻ കുഞ്ഞുങ്ങളെ അനുഗ്രഹിക്കട്ടെ.

**ദൈവരാജ്യം ശിശുക്കൾക്ക്**

മെയ് 6-ാം തിയ്യതി കുട്ടികളുടെ വിശുദ്ധനായ വി. ഡൊമിനിക് സാവിയുടെ തിരുനാൾ ആണല്ലോ അന്നെ ദിവസം എല്ലാ കുട്ടികളും വി. ബലിയിൽ പങ്കെടുക്കുമല്ലോ.

**ഇരുതല വാളിനേക്കാൾ ശക്തമായ വചനം**

50 നോമ്പിന്റെ വിശുദ്ധ ദിനങ്ങളിൽ ഇടവകയിൽ 20 പേർ അപ്പസ്തോല പ്രവർത്തനം എഴുതി, വചനം പഠിച്ച് സമ്മാനത്തിനു അർഹരായി. Mrs. Lilly Ouseph, Sr. Mary Anto FCC, Mr. Joby Lazer, Mrs. Lissy Joseph, Mrs. Baby Davis, Mr. Sinto P Davis, Ms. Tinu Antony, Mrs. Beena Mathew, Mrs. Jancy Joy, Mr. C.I Poulose, Mrs. Feeba Riju, Mrs. Shiji Sebastian, Mrs. Stella Antony, Mrs. Mary Jose, Mrs. Rosi Joseph, Mrs. Josephina Babu, Mrs. Baby Jose, Mrs. Lathika James, Mrs. Susan Babu, Mrs. Preethi Francis എന്നിവാരണ് സമ്മാനത്തിനർഹരായവർ. വചനം എഴുതിയ ഏവർക്കും അഭിനന്ദനങ്ങൾ.

**ഈശോയുടെ സ്വർഗാരോഹണ തിരുനാൾ - കടമുള്ള ദിവസം**

മെയ് 26-ാം തീയതി ഈശോയുടെ സ്വർഗ്ഗാരോഹണതിരുനാളായി നാം കൊണ്ടാടുന്നു. അന്നേദിവസം കടമുള്ള ദിവസമായതിനാൽ എല്ലാവരും വി. കുർബാനയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുമല്ലോ. ഏവർക്കും തിരുനാൾ മംഗളങ്ങൾ.

**കുത്തിപ്പിളർക്കപ്പെട്ട ഹൃദയം**

ജൂൺമാസം ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മാസമായതിനാൽ വീടുകളിൽ എല്ലാദിവസവും തിരുഹൃദയ പ്രതിഷ്ഠ നടത്തുമല്ലോ. ജൂൺ 24-ാം തീയതിയാണ് ഈശോയുടെ തിരുഹൃദയതിരുനാൾ. ഏവർക്കും തിരുനാൾ മംഗളങ്ങൾ.

**കൂട്ടായ്മയുടെ വിശുദ്ധവാരം**

ഈ വർഷത്തെ വിശുദ്ധവാരശുശ്രൂഷകൾ മനോഹരമാക്കാൻ അധ്വാനിച്ച ഏവർക്കും അഭിനന്ദനങ്ങൾ. അൾത്താരയും ദേവാലയവും അലങ്കരിച്ച ബഹു. സിസ്റ്റേഴ്സ്, ഗായകസംഘം, അൾത്താരസംഘം, കപ്യാരന്മാർ, കൈക്കാരന്മാർ, ദുഃഖവെള്ളിയിലെ ഉച്ചഭക്ഷണം, ഈസ്റ്റർ നോമ്പുവീടൽ, ഈസ്റ്റർ വിഭവങ്ങൾ ഒരുക്കിയ പിതൃവേദി, ദൈവാലയ ക്ലീനിംങ്ങ്, ഭക്ഷണപാത്രം ക്ലീനിങ്ങ് നേതൃത്വം കൊടുത്ത മാതൃവേദി, Tablaeu, കല്ലറ എന്നിവയ്ക്ക് നേതൃത്വം കൊടുത്ത SMYM, കാലുകഴുകൽ ശുശ്രൂഷ, ദിവ്യകാരുണ്യ പ്രദിക്ഷണം എന്നിവയ്ക്ക് നേതൃത്വം വഹിച്ച യൂണിറ്റ് ഭാരവാഹികൾ, വിശ്വാസപരിശീലകർ, പൂക്കൾ സ്പോൺസർ ചെയ്തവർ, ഭക്ഷണം സ്പോൺസർ നൽകിയവർ, പെസഹാവ്യാഴ ആരാധനയ്ക്ക് നേതൃത്വം കൊടുത്ത യൂണിറ്റ്, സംഘടനാഭാരവാഹികൾ, പല രീതിയിൽ വലിയ ആഴ്ച ആത്മിയമാക്കാൻ സഹായിച്ച എല്ലാ വൈദീകരെയും ഇടവകജനത്തെയും അഭിനന്ദിക്കുന്നു, നന്ദി പറയുന്നു.

**പിതൃവേദി പ്രാർത്ഥന**

മെയ് 4-ാം തീയതി ബുധനാഴ്ച വൈകിട്ട് 8 മണി മുതൽ 9 മണി വരെയും ജൂൺമാസം 1-ാം തീയതി ബുധനാഴ്ച 8 മണി മുതൽ 9 മണി വരെയും പ്രാർത്ഥന നടത്തപ്പെടുന്നു. എല്ലാ പിതൃവേദി അംഗങ്ങളും പങ്കെടുക്കുമല്ലോ.

**അഭിനന്ദനങ്ങൾ**

Catechism Teachers നുവേണ്ടി നടത്തപ്പെട്ട Scholastic പരീക്ഷയിൽ 90 ശതമാനത്തിനുമുകളിൽ മാർക്ക് നേടിയ വിശ്വാസപരിശീലന അദ്ധ്യാപകർക്ക് അഭിനന്ദനങ്ങൾ. Mrs. Ajimol Antony, Mrs. Deepa Biju, Sr. Theresa John FCC. എന്നിവരാണ് സമ്മാനർഹരായത്.

**നോമ്പുകാല തീർത്ഥാടനങ്ങൾ...**

നമ്മുടെ ഇടവകയിൽ നോമ്പുകാലത്ത് സെഹിയോൻ, മലയാറ്റൂർ, വേളാംങ്കണി എന്നീ സ്ഥലങ്ങളിലേക്ക് തീർത്ഥാടനങ്ങൾ നടത്തുകയുണ്ടായി. തീർത്ഥാടനങ്ങൾ എല്ലാം മനോഹരമാക്കാൻ കൃപ നൽകിയ നല്ല ദൈവത്തിന് നന്ദി. പങ്കെടുത്ത എല്ലാവർക്കും അനുഗ്രഹങ്ങൾ നേരുന്നു.

| No. | Place | Participants | | Expense |
|---|---|---|---|---|
| 1 | Sehiyon | Rs. 450x17 | 7650/- | 7500/- |
| 2 | Malayatoor | Rs. 500x52 | 26000/- | Bus - 20000.00<br>Lunch - 3500.00<br>Dinner - 3000.00<br>26500.00 |
| 3 | Vellamkanni | Rs. 800x96 | 76800/- | Bus - 70000.00<br>Breakfast - 7680.00<br>77680.00 |
| | Total | | 1,10,450.00 | 1,11,680.00 |
| | Sponsorship | | 1500.00 | |
| | Grand Total | | 1,11950.00 | 1,11680.00<br>270.00<br>1,11,950.00 |

## Covid Vaccination

ഇടവകയിൽ Vimal Jyothi Hospital-ന്റെ നേതൃത്വത്തിൽ Free covid vaccination മാർച്ച് 13-ാം തീയതി ഞായറാഴ്ച നടത്തി. ഇതിൽ പങ്കെടുത്ത എല്ലാവർക്കും ഇതിനു സഹായസഹകരണങ്ങൾ നൽകിയ Vimal Jyothi Hospital സിസ്റ്റേഴ്സിനും സ്റ്റാഫ് അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു.

**തിരുനാൾ മംഗളങ്ങൾ**

ജൂൺ 29-ാം തീയതി നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ പോൾ ആലപ്പാട്ട് പിതാവിനു ഗാന്ധിപുരം ഇടവക മക്കളുടെ തിരുനാൾ ആശംസയും പ്രാർത്ഥനകളും നേരുന്നു. വി. പൗലോസ്

ശ്ലീഹയെപ്പോലെ ആത്മാവിനാൽ ജ്വലിച്ച് രൂപതയെയും സഭയെയും നയിക്കാൻ നല്ല ദൈവം അനുഗ്രഹിക്കട്ടെ.

**വിവിധ ദൈവാലയ സന്ദർശനവും തെരുവുമക്കൾക്ക് ഭക്ഷണവും**

ഇടവകയിലെ മാതൃവേദി അംഗങ്ങൾ പാലക്കാട് രൂപതയിലെ 14 ദൈവാലയങ്ങൾ മാർച്ച് 17-ാം തീയതി സന്ദർശിച്ച് പരിഹാരയാത്ര നടത്തി. അതുപോലെ, ഓശാന ശനിയാഴ്ച 300-ൽ പരം തെരുവുമക്കൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്തു. ഇതിനു നേതൃത്വം കൊടുത്ത മാതൃവേദി ഭാരവാഹികൾക്കും അംഗങ്ങൾക്കും ആനിമേറ്റേഴ്സിനും ഭക്ഷണം സ്പോൺസർ ചെയ്തവർക്കും നന്ദി രേഖപ്പെടുത്തുന്നു.

**ഉല്ലാസയാത്രയും ദൈവാലയ സന്ദർശനവും**

ഇടവകയിലെ പിതൃവേദി സംഘടനാംഗങ്ങൾ ആലപ്പുഴയിലേക്കും SMYM അംഗങ്ങൾ കോതമംഗലം തട്ടേക്കാടിലേക്കും ഉല്ലാസയാത്രക്കൾ നടത്തി. തങ്കി, ആർത്തുങ്കൽ എന്നീ സ്ഥലങ്ങൾ സന്ദർശിക്കാനും പ്രാർത്ഥിക്കാനും സാധിച്ചു. പങ്കെടുത്ത എല്ലാവർക്കും നന്ദി.

**വാർഷിക കണക്കുകൾ**

സാമ്പത്തികവർഷം പൂർത്തിയായപ്പോൾ ഇടവക സംഘടനകൾ, യൂണിറ്റുകൾ എല്ലാകണക്കുകൾ ഇടവകയിൽ സമർപ്പിച്ചു. ഇടവകയിലെ സംഘടനകളുടെയും, യൂണിറ്റുകളുടെയും സാമ്പത്തിക കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന കൈക്കാരന്മാർ, ഭാരവാഹികൾ, കണക്കു എഴുതുന്നവർ മറ്റു എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**രൂപത പിതൃവേദിയുടെ കുടുംബ സംരക്ഷണ ഫണ്ട്**

മെയ് 15-ാം തീയതി രണ്ടാമത്തെ കുർബാനയ്ക്ക് അഭിവന്ദ്യ പിതാവ് രൂപത പിതൃവേദിയുടെ കുടുംബസംരക്ഷണ ഫണ്ടിന്റെ ഉത്ഘാടനം നിർവഹിക്കുന്നു. എല്ലാ പിതൃവേദി അംഗങ്ങളും ഇടവക ദൈവമക്കളും ഈ വിശുദ്ധ ബലിയർപ്പണത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. മറ്റു ഇടവകയിൽ നിന്ന് വരുന്നവരെ നമുക്ക് സ്വീകരിക്കാം. ഈ ദിവസത്തെ മനോഹരമാക്കാം.





**പന്തക്കുസ്ത തിരുനാളും എഴുത്തിനിരുത്തലും**

ജൂൺ 5-ാം തീയതി പന്തക്കുസ്തത്തിരുനാൾ ആചരിക്കുകയാണല്ലോ. അന്നേദിവസം ആദ്യമായി സ്കൂളിൽ പോകുന്നവരെയും വിശ്വാസപരിശീലനത്തിനു ഒരുങ്ങുന്നവരെയും എഴുത്തിനിരുത്തുന്നു. രാവിലെ 8.15-നു സമർപ്പണം, കുർബാനക്കുശേഷം എഴുത്തിനിരുത്തൽ ചടങ്ങ് നടത്തപ്പെടുന്നു. കുഞ്ഞുമക്കളെ നമുക്ക് പ്രാർത്ഥനാപൂർവം ഒരുക്കി വിശ്വാസ പരിശീലനത്തിലേക്കും വിദ്യാഭ്യാസത്തിലേക്കും പറഞ്ഞയിക്കാം.

**50 നോമ്പിൽ മുടങ്ങാതെ കുട്ടികൾ**

അമ്പതുനോമ്പിൽ 10 കുട്ടികൾ മുടങ്ങാതെ പള്ളിയിൽ വന്ന് വി. കുർബാനയിൽ പങ്കെടുത്ത് സമ്മാനത്തിനു അർഹരായി. 1. Anna Celine Joseph, 2. Helina Rose Joseph, 3. Chris Antony, 4. Rosmy, 5. Gabriel, 6. Aaron, 7. Annamaria, 8. Kishore James, 9. Basil James, 10. Jimshamol, 11. Anlin. ഏവർക്കും അഭിനന്ദനങ്ങൾ.

**മരിച്ചാലും മറക്കില്ലെട്ടോ...**

ജൂൺ 8-ാം തീയതി വി. മറിയം ത്രേസ്യായുടെ തിരുനാളാണല്ലോ. പ്രാർത്ഥനയിൽ ആഴപ്പെടാനും ഈശോയെപ്പോലെ സഹനങ്ങൾ ഏറ്റെടുക്കാനും വി. മറിയം ത്രേസ്യായോട് നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

**ത്യാഗാർപ്പണചെപ്പ്**

ഇടവകയിൽ ഈ വർഷത്തെ നോമ്പുകാല പരിത്യാഗചെപ്പ് ഇടവകയുടെ കടബാധ്യതകൾ വീട്ടാൻ വീടുകളിൽ എത്തിച്ചു. ഓശാന ഞായറാഴ്ചയും മറ്റു ദിവസങ്ങളിലുമായി 90 ശതമാനം ചെപ്പുകളും പള്ളിയിൽ തിരിച്ചേല്പിച്ചു. ഇതിനുവേണ്ടി നല്ല മനസ്സുകാണിച്ച എല്ലാ ഇടവക കുടുംബത്തിനും യൂണിറ്റുഭാരവാഹികൾക്കും നന്ദി പറയുന്നു.

**പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ**

ജൂൺ 12-ാം തീയതി ഞായറാഴ്ച പരി. ത്രിത്വത്തിന്റെ തിരുനാൾ ആചരിക്കുകയാണല്ലോ. സത്യാത്മാവിലൂടെ നിറയപ്പെടാൻ നമുക്ക് പ്രാർത്ഥിക്കാം. അന്നുമുതൽ ത്രികാല ജപം “കർത്താവിന്റെ മാലാഖ” ചൊല്ലുന്നു. ഏവർക്കും തിരുനാൾ മംഗളങ്ങൾ.

**നവവൈദീകന് ആശംസകൾ..**

നമ്മുടെ രൂപതക്കുവേണ്ടി ഏപ്രിൽ 24-ാം തീയതി തൃശ്ശൂർ അതിരൂപത മണ്ണുംപേട്ട ഇടവകയിൽവച്ച് അഭിവന്ദ്യ പോൾ പിതാവിന്റെ കൈവയ്പ്പിലൂടെ നവാഭിക്ഷിതനായ ഫാ. സാജൻ തറയിലിന് ഇടവകയുടെ അഭിനന്ദനങ്ങൾ.

**നിത്യാരാധന കേന്ദ്രം**

ഇടവകയിലെ നിത്യാരാധന കേന്ദ്രം മെയ്, ജൂൺ മാസങ്ങളിൽ രാവിലെ 7 മണി മുതൽ 1 മണി വരെ തുടർന്ന് പ്രവർത്തിക്കുന്നു. അവധിക്കാലമായതുകൊണ്ട് കുട്ടികളെ കൊണ്ടുവന്ന് ഈശോയുടെ അടുത്ത് ഇരുത്തി ആത്മിയമായി ശക്തരാക്കാം.

**പാദുവായിലെ വി. അന്തോണീസ്**

ജൂൺ 13-ാം തീയതി തിങ്കളാഴ്ച വി. അന്തോണീസിന്റെ തിരുനാളാണല്ലോ. എല്ലാവർക്കും ഏറ്റവും പ്രത്യേകമായി സെന്റ് ആന്റണി കുടുംബ യൂണിറ്റിനും തിരുനാൾ മംഗളങ്ങൾ.

**കപ്പേള തിരുനാൾ**

ഇടവകയിലെ സെന്റ് ജോർജ്ജ് കുടുംബയൂണിറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ ഏപ്രിൽ 24-ാം തീയതി ഞായറാഴ്ച 8.15-നുള്ള വി. കുർബാനയോടുകൂടെ വി. ഗീവർഗീസിന്റെ തിരുനാൾ ആചരിച്ചു. അന്നേ ദിനം കപ്പേളയിൽ പ്രത്യേക നൊവേനയും നേർച്ചവിതരണവും നടത്തി. തുടർന്ന് വർഗ്ഗീസ്, ജോർജ്ജ് നാമധാരികളെ ആദരിച്ചു. നേർച്ച കൊടുത്ത യൂണിറ്റ് അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ.

**വിശ്വാസപരിശീലന വർഷം**

ജൂൺമാസത്തിൽ വിശ്വാസപരിശീലനം ആരംഭിക്കുകയാണല്ലോ. LKG മുതൽ 12-ാം ക്ലാസ്സുവരെയുള്ള കുട്ടികൾ നിർബന്ധമായും വിശ്വാസ പരിശീലനം നടത്തണം. എല്ലാ ഞായറാഴ്ചയും രാവിലെ 8.00 മണിക്ക് Catechism ക്ലാസ്സ് ആരംഭിക്കും. തുടർന്ന് 10.30 നു വി. കുർബാന. കുട്ടികളെ CML, Altarboys, Holy Childhood എന്നീ സംഘടനകളിൽ ചേർക്കുകയും അവരെ വളർത്തുകയും ചെയ്യുക. ടീച്ചേഴ്സ് എല്ലാവരും ആത്മാവിനാൽ ജ്വലിച്ച് വിശ്വാസപരിശീലകരാകുക. ഏവർക്കും നല്ലൊരു വിശ്വാസപരിശീലന വർഷം ആശംസിക്കുന്നു.

**എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ**

ജൂൺ 16-ാം തീയതി പരി. കുർബാനയുടെ തിരുനാളായി കൊണ്ടാടുന്നു. അന്നേ ദിവസം വി. കുർബാനയിലും നിത്യാരാധന കേന്ദ്രത്തിലും നമുക്ക് കൂടുതൽ സമയം ചിലവിടാം. അന്നേദിവസം പ്രത്യേക ആരാധന ഉണ്ടായിരിക്കുന്നതാണ്. ഏവർക്കും തിരുനാൾ മംഗളങ്ങൾ.

**കുടുംബയുണിറ്റുകളുടെ വാർഷികം**

ജൂൺ 29 തീയതി വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാളാണല്ലോ. നമ്മുടെ ഇടവകയിലെ സെന്റ് പീറ്റർ, സെന്റ് പോൾ കുടുംബയുണിറ്റുകൾ അന്നേദിനം വാർഷികം ആചരിക്കുന്നു. രണ്ട് കുടുംബയുണിറ്റിലെയും മുഴുവൻ കുടുംബങ്ങൾക്കും എല്ലാ പീറ്റർ, പോൾ, പൗലോസ് നാമധാരികൾക്കും തിരുനാൾ മംഗളങ്ങൾ.

**നാമഹേതുക തിരുനാൾ**

പാലക്കാട് രൂപതയുടെ മുന്നാമത്തെ മെത്രനായി ഉയർത്തപ്പെട്ട അഭിവന്ദ്യ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന് നാമഹേതുകതിരുനാൾ മംഗളങ്ങളും ആശംസകളും ഗാന്ധിപുരം ഇടവക നേരുന്നു.

**നിത്യ സമ്മാനത്തിനായി..**

1. സെന്റ് ആന്റണി യൂണിറ്റ് കൊള്ളരിക്കൽ സേവ്യർ ഭാര്യ ജെസ്സി സേവ്യർ (66) 01.03.2022 ആത്മാവിനുവേണ്ടി കുദാശകൾ സ്വീകരിച്ച നിത്യ സമ്മാനത്തിന് വിളിക്കപ്പെട്ടു. പരേതയുടെ ആത്മശാന്തിക്കുവേണ്ടിയും കുടുംബത്തിനുവേണ്ടിയും പ്രാർത്ഥിക്കുക.

2. സെന്റ് പോൾ യൂണിറ്റ് കൈതാരത്ത് വർഗ്ഗീസ് ഭാര്യ ഫിലോമിന വർഗ്ഗീസ് (75) ആത്മാവിനുവേണ്ട കൂദാശകൾ സ്വീകരിച്ച് 21.04.2022 കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**അറുപതാം ജന്മ ദിനത്തിന്റെ മംഗളങ്ങൾ**

ഏപ്രിൽ 21-ാം തീയതി വ്യാഴാഴ്ച 60-ാം ജന്മദിനം ആഘോഷിച്ച അഭിവന്ദ്യ പോൾ ആലപ്പാട്ട് പിതാവിന് പ്രാർത്ഥനാശംസകളും നന്മകളും നേരുന്നു.

## Horeb Fest - 2022@ Gandhipuram Forane

രൂപതാവിശ്വാസപരിശീലന വിഭാഗത്തിന്റെയും രൂപതാ വൊക്കേഷൻ വിഭാഗത്തിന്റെയും നേതൃത്വത്തിൽ 8-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട Horeb Fest ഏപ്രിൽ 3-ന് നമ്മുടെ ഇടവകയിൽ വച്ച് നടത്തപ്പെട്ടു. ഗാന്ധിപുരം ഫൊറോനയുടെ കീഴിൽപ്പെട്ട 9 ഇടവകകളിൽ നിന്ന് 50 കുട്ടികളും 15 വിശ്വാസപരിശീലകരും ഇതിൽ പങ്കെടുത്തു. ഇതിനായി സഹകരിച്ച അധ്യാപകർക്കും സിസ്റ്റേഴ്സിനും ബ്രദേഴ്സിനും നന്ദിയും പ്രാർത്ഥനകളും.

**വീട് വെഞ്ചിരിപ്പുകൾ**

ജൂൺമാസം തിരുഹൃദയമാസമായതിനാൽ വീടുകൾ വെഞ്ചരിച്ച് തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുന്നു. വീടും പരിസരവും ഭംഗിയാക്കാനും വെഞ്ചരിപ്പുസമയത്ത് കുടുംബാംഗങ്ങൾ എല്ലാവരും ഉണ്ടായിരിക്കാനും തിരുഹൃദയ പ്രതിഷ്ഠ നടത്താനും എല്ലാവരും പരിശ്രമിക്കുക. വരിസംഖ്യ, ദൈവാലയ കടബാധ്യതയിലേക്ക് എന്തെങ്കിലും തരാനുള്ള നല്ല മനസ്സുണ്ടാകണമേ.

**ദൈവാലയ ക്ലീനിങ്ങ്**

ഏപ്രിൽമാസത്തിൽ ദൈവാലയവും പരിസരവും ക്ലീനിങ്ങ് നടത്തിയ സെന്റ് ജോർജ്ജ് കുടുംബയുണിറ്റിന് പ്രത്യേകം നന്ദി. മെയ് - ജൂൺ മാസത്തിൽ പള്ളിയും പരിസരവും വൃത്തിയാക്കേണ്ടത് സെന്റ് പീറ്റർ, സെന്റ് ആന്റണി കുടുംബയുണിറ്റുകളാണ്.

**സംഘടനാ രൂപീകരണവും അംഗത്വ നവീകരണവും**

ഇടവകയിൽ ആത്മീയ ഉണർവിനായി പ്രവർത്തിക്കുന്ന ഭക്തസംഘടനങ്ങളാണ് പിതൃവേദി, മാതൃവേദി, യുവജനവേദി (SMYM), കത്തോലിക്ക കോൺഗ്രസ്, ചെറുപുഷ്പം മിഷൻലീഗ് (CML), അൾത്താര ബാലസംഘം, ഹോളിചൈൾഡ്ഹുഡ് എന്നിവ. ഈ സംഘടനയിൽ പ്രായപരിധിയനുസരിച്ച് എല്ലാവരും ചേരുകയും ഓരോ വർഷവും വാർഷിക വരിസംഖ്യയായ 120 രൂപ കൊടുത്ത് നവീകരിക്കുകയും ചെയ്യുക. കുട്ടികളുടെ സംഘടനയ്ക്ക് വർഷം 50 രൂപ കൊടുത്താൽ മതിയാവും. എല്ലാവരും വരിസംഖ്യകൾ തന്ന് സഹകരിക്കുക.

# സംഘടനാവാർത്തകൾ

## മാതൃവേദി

### അമ്മ തണൽ

രൂപത മാതൃവേദിയുടെ ഇന്റർനാഷണൽ ഭാരവാഹികൾ പങ്കെടുത്ത വാർഷിക മീറ്റിംഗിൽ നമ്മുടെ ലൂർദ്ദ് മാതൃവേദി അംഗങ്ങൾ രംഗപൂജ അവതരിപ്പിച്ചു. ബഹു. ആനിമേറ്റർ സി. മേരി ആന്റോ FCC ആരാധന നയിച്ചു. ശ്രീമതി. ഹേമ വർഗ്ഗീസ് MC ചെയ്തു.

### രംഗപൂജയിൽ പങ്കെടുത്തവർ

ശ്രീമതി. ഫിലോ പ്രഭു, ശ്രീമതി. റീമ ജോൺപോൾ, ശ്രീമതി. ഫീബ റൈജു, ശ്രീമതി. സാലി ജോസഫ്, ശ്രീമതി. അമ്മു ആന്റണി. പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങളും നന്ദിയും രേഖപ്പെടുത്തുന്നു.

### തീർത്ഥാടനയാത്ര

17.03.2022 വ്യാഴാഴ്ച ബഹു. വികാരിയച്ചൻ തോമസ് കാവുങ്കൽ, ആനിമേറ്റർ സി. മേരി ആന്റോ, സി. ലിസ ജോർജ്ജ് എന്നിവരോടൊത്ത് 50 ഓളം അമ്മമാർ പാലക്കാട് മുതൽ മണ്ണാർക്കാട് വരെയുള്ള ഭാഗങ്ങളിലെ 14 പള്ളികൾ സന്ദർശിച്ച് കുരിശിന്റെ വഴിയിലെ ഓരോ സ്ഥലങ്ങളും ധ്യാനിക്കുകയുണ്ടായി.

കരിമ്പയിലുള്ള ആകാശപറവകളിലെ അന്തേവാസികളോടൊത്തു ഉച്ചഭക്ഷണം കഴിക്കുകയും അവരോടൊത്തു കുറച്ചുസമയം ചിലവഴിക്കുകയും ചെയ്തു. അവിടേക്ക് ആവശ്യമായ ഡ്രസ്സുകൾ, വാഷിങ്ങ് ക്ലീനിങ്ങ് സാധനങ്ങൾ നൽകി. ഇതെല്ലാം കൊണ്ടുവന്നവർക്കും സാധനങ്ങൾ വാങ്ങിക്കാനുള്ള തുക സ്പോൺസർ നല്കിയവർക്കും പ്രത്യേകം നന്ദി പറയുന്നു.

### സന്ദർശിച്ച ദേവാലയങ്ങൾ

Vimal Rani Provincial House, Retreat Center Sinai, St. Alphonsa Church, Mary Matha Church, Kalladikode, St. Mary's Church, Thachampara, St., Antony's Church, Ponnamkode, Little Flower Church, Karimba, Akasha, Paravagal Orphanage, Karimba, St. Mary's Church, Mylampully, Yuvakshetra College, MundurHoly Family Provincial House, Muttikulangara, Good Shepherds Church, Kanjikode

**ജന്മദിന ആഘോഷം**

ബഹു. കൊച്ചച്ചൻ ചാക്കോച്ചൻ വടക്കേതലയ്ക്കൽ അച്ചന്റെ ജന്മദിനം 27.2.2022-ന് ആനിമേറ്റർ സിസ്റ്റർ, ഭാരവാഹികൾ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ കേക്ക് മുറിച്ച് ആശംസകൾ നേർന്നു.

**ഒരുവാക്ക് നന്ദി**

വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ചും വിശുദ്ധ വാരത്തോടനുബന്ധിച്ചും മാതൃവേദി അംഗങ്ങൾ പള്ളിയും പരിസരങ്ങളും ഭക്ഷണം കഴിക്കുന്ന പാത്രങ്ങളും കഴുകി വൃത്തിയാക്കുകയും ചെയ്തു. സഹകരിച്ച എല്ലാവർക്കും തന്നെ ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.

**കാരുണ്യ ഹസ്തവുമായ്...**

09.04.2022 ന് ലൂർദ്ദ് മാതൃവേദി 300 ഓളം ഭക്ഷണ പൊതികൾ MMB ബ്രദേഴ്സ് നടത്തുന്ന സീയോൻ ഇല്ലം, കാരമട കരുണൈ ഇല്ലം, കോയമ്പത്തൂർ സിറ്റിയിലെ റോഡരികിലുള്ള പാവപ്പെട്ടവർ എന്നിവർക്ക് വികാരി തോമസ് കാവുങ്കൽ അച്ചന്റെയും ആനിമേറ്റർ മേരി ആന്റോ സിസ്റ്ററിന്റെയും നേതൃത്വത്തിൽ ഭാരവാഹികൾ വിതരണം ചെയ്തു. ഭക്ഷണപൊതികൾ കൊണ്ടുവന്ന എല്ലാവർക്കും തന്നെ നന്ദി പറയുന്നു.

## പിതൃവേദി

**ഊട്ടു തിരുനാൾ**

വി. യൗസേപ്പ് പിതാവിന്റെ ഊട്ടുതിരുനാൾ മാർച്ച് മാസം 20-ാം തീയതി ആഘോഷിക്കുകയുണ്ടായി. രാവിലെ 8.30 ന് കുരിശിന്റെ വഴിയും തുടർന്ന് വി. യൗസേപ്പ് പിതാവിന്റെ രൂപം വഹിച്ചുകൊണ്ടുള്ള പ്രദിഷണവും നടത്തി. വികാരി തോമസ് കാവുങ്കൽ അച്ചന്റെ കാർമ്മികത്വത്തിൽ ഫാ. ചാക്കോച്ചൻ വടക്കേത്തലക്കൽ, റവ. ഫാ. ഷൈജു ചിറമ്മേൽ, ഫാ. വിനീഷ് ജോസ് എന്നിവർ സഹകാർമികരായും റാസാ ദിവ്യബലി അർപ്പിച്ചു. തുടർന്ന് ഊട്ട് നേർച്ച വിതരണവും നടത്തി.

ഊട്ടു തിരുനാൾ കൺവീനറായി പി.വി. ഫ്രാൻസീസിന്റെ നേതൃത്വത്തിൽ കമ്മിറ്റിയെ തിരഞ്ഞെടുത്തിരുന്നു. വിവിധ കമ്മിറ്റികളായും മറ്റു സ്പോൺസർമാരായും സഹായസഹകരണങ്ങൾ ചെയ്ത എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**ഊട്ട് നേർച്ച കമ്മിറ്റി**

1. P.V Francis
2. P.R Davis
3. Sijo Jose
4. Inasu
5. Antony David
6. Antony Jacob

**ലിറ്റർജി കമ്മിറ്റി**

1. E.R George
2. C.D Jose

**പ്രദിക്ഷണം**

1. P.A Davis

**Easter സ്നേഹവിരുന്ന്**

Easter കുർബാനക്കുശേഷം പിതൃവേദിയുടെ നേതൃത്വത്തിൽ നോമ്പു വീടലിന്റെ ഭാഗമായ സ്നേഹവിരുന്ന് നടത്തി. ഇതിനുവേണ്ടിയുള്ള ഫുഡ് കമ്മിറ്റിക്ക് സി.സി. പ്രിൻസ് നേതൃത്വം വഹിച്ചു. തോമസ് ഫ്രാൻസീസ്, ആന്റണി ഡേവിഡ് എന്നിവർക്കും സഹയസഹകരണങ്ങൾ ചെയ്ത എല്ലാവർക്കും Easter ഭക്ഷണം പാചകം ചെയ്യാൻ സഹായിച്ച കെ.വി. ജോൺസണിനും പ്രത്യേകം നന്ദി അറിയിക്കുന്നു.

**Easter വിഭവം**

Easter-നോട് അനുബന്ധിച്ച് Easter വിഭവങ്ങളായി ഇറച്ചി വില്പന നടത്തുകയുണ്ടായി. ഇതിന്റെ കമ്മിറ്റിയായി പി.വി. ഫ്രാൻസീസ്, പി.കെ. ജോസ്, സിജോ ജോസ്, എ.ജി. ഷാജു, സി.ജി. ആന്റണി എന്നിവരെ തിരഞ്ഞെടുത്തിരുന്നു. ഇതിൽ സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**പിതൃവേദി Tour**

പിതൃവേദിയുടെ Tour ഏപ്രിൽ 23-ന് ആലപ്പുഴയിലേക്ക് നടത്തുകയുണ്ടായി. ഏപ്രിൽ 22-ാം തീയതി രാത്രി പുറപ്പെട്ട് ഏപ്രിൽ 23-ന് എത്തിചേരുന്നവിധത്തിൽ ക്രമീകരിച്ചിരുന്നു. ആലപ്പുഴയിലെ തങ്കിപള്ളിയിൽ പോവുകയും, ആർത്തുങ്കൽ പള്ളിയിൽ വി. കുർബാന അർപ്പണവും ഉണ്ടായിരുന്നു. തുടർന്ന് ബോട്ടുയാത്ര നടത്തി, വൈകിട്ട് ആലപ്പുഴ ബീച്ചിൽ കുറച്ചുസമയം ചിലവഴിച്ച് ടൂർ അവസാനിപ്പിച്ചു. Tour കമ്മിറ്റിക്ക് തോമസ് പ്രഭു, പോൾ മാത്യു എന്നിവർ നേതൃത്വം വഹിച്ചു. സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.


# ഓർമ്മിക്കേണ്ട ദിവസങ്ങൾ

**മെയ് 2022**

| | |
|---|---|
| 01 | മെയ് ദിനം, തൊഴിലാളികളുടെ മദ്ധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെ തിരുനാൾ |
| 02 | വി. അത്തനേഷ്യസ് |
| 03 | വി. പീലിപ്പോസ്, വി. യാക്കോബ് ശ്ലീഹന്മാർ |
| 06 | ആദ്യവെള്ളി<br>വി. ഡോമിനിക് സാവിയോ |
| 14 | വി. മത്തിയാസ് ശ്ലീഹാ |
| 15 | മാർ അദ്ദായി |
| 26 | നമ്മുടെ കർത്താവിന്റെ സ്വാർഗ്ഗാരോഹണം (കടമുള്ള ദിവസം) |
| 31 | പരി. കന്യകാമറിയത്തിന്റെ സന്ദർശനം |

**ജൂൺ 2022**

| | |
|---|---|
| 01. | വി. ജസ്റ്റിൻ |
| 03. | ആദ്യവെള്ളി |
| 05. | പന്തക്കുസ്താതിരുനാൾ |
| 08. | വി. മറിയംത്രേസ്യാ |
| 09. | മാർ അപ്രേം |
| 10. | സ്വർണ്ണവെള്ളി |
| 11. | ബർണബാസ് ശ്ലീഹാ |
| 12. | പരി. ത്രിത്വത്തിന്റെ തിരുനാൾ |
| 13. | പാദുവായിലെ വി. അന്തോണീസ് |
| 16. | പരിശുദ്ധ കുർബാനയുടെ തിരുനാൾ |
| 22. | വി. തോമസ് മൂർ & വി. ജോൺ ഫിഷറും |
| 24 | ഈശോയുടെ തിരുഹൃദയതിരുനാൾ<br>വി. യോഹന്നാൻ മാംദാനയുടെ ജനനം |
| 25. | മാതാവിന്റെ വിമലഹൃദയം |
| 28 | വി. ഇരണേവൂസ് |
| 29. | വി. പത്രോസ് - പൗലോസ് ശ്ലീഹന്മാർ |



# K.C Francis (Tahsildar)

*It's been 22 years since you left us.*

*We miss you pappa.*



ഏപ്രിൽ 21 ന് 60–ാം ജന്മദിനവും ജൂൺ 29 ന്
നാമഹേതുക തിരുനാളും കൊണ്ടാടുന്ന
## മാർ പോൾ ആലപ്പാട്ട് പിതാവിന്
ആശംസകളും പ്രാർത്ഥനകളും



പാലക്കാട് രൂപതയുടെ 3–ാം രൂപതാദ്ധ്യക്ഷനായി
ഏപ്രിൽ 23 ന് സ്ഥാനരോഹിതനായ അഭിവന്ദ്യ
## പിറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന്
ഞങ്ങളുടെ ആശംസകളും
നാമഹേതുകതിരുനാൾ മംഗളങ്ങളും




ഏപ്രിൽ 21 ന് തലശ്ശേരി
അതിരുപതാദ്ധ്യക്ഷനായി ഉയർത്തപ്പെട്ട അഭിവന്ദ്യ
## ജോസഫ് പാംബ്ലാനി പിതാവിന്
ഗാന്ധിപുരം ഇടവകയുടെ പ്രാർത്ഥനാശംസകൾ



രൂപതയുടെ നവവൈദികനായി അഭിഷക്തനായ
## ഫാ. സാജൻ തറയിലിന്
ഗാന്ധിപുരം ഇടവകയുടെ
പ്രാർത്ഥനാശംസകൾ

# നോമ്പുകാല ധ്യാനം



## ഗാന്ധിപുരം ലൂർദ് ഫൊറോന പള്ളിയിൽ ആന്തരിക സൗഖ്യധ്യാനവും കൗൺസലിംഗും

**കോയമ്പത്തൂർ:** ഗാന്ധിപുരം ലൂർദ് ഫൊറോന പള്ളിയിൽ വ്യാഴാച്ച മുതൽ ഞായറാഴ്ച വരെ ആന്തരിക സൗഖ്യ ധ്യാനവും കൗൺസിലിംഗും നടക്കും.

പോട്ട ഡിവൈൻ ധ്യാന കേന്ദ്രത്തിൽ നിന്നും പ്രമുഖ വചന പ്രഘോഷകൻ ഫാ. ബിജു കുന്നൻ വിസിയുടെ നേതൃത്വത്തിലാണ് ധ്യാനം നടക്കുന്നത്.

വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് അഞ്ചിന് ആരംഭിച്ച് രാത്രി 8.30ന് അവസാനിക്കും. ഞായറാഴ്ച രാവിലെ എട്ടിന് തുടങ്ങുന്ന ധ്യാനം ഉച്ചയ്ക്ക് 12.30ന് അവസാനിക്കും.

എല്ലാ ദിവസവും പകൽസമയം കൗൺസിലിംഗിന് പ്രത്യേക സൗകര്യം ഉണ... ണ്. എല്ലാവർ...

...ണ്ടായിരിക്കുന്നതാണെന്ന് ഇടവക വികാരി ഫാ. തോമസ് കാവുങ്കൽ അറിയിച്ചു. സഹവികാരി ഫാ. ചാക്കോച്ചൻ വടക്കേതലക്കൽ എംസിബിഎസ്, കൈക്കാരന്മാരായ ഷാജു എടക്കളത്തൂർ, പി.കെ. ആന്റണി, സി.ജി. ആന്റണി എന്നിവർ ധ്യാനത്തിനു വേ...



# Free vaccination camp








# വി. യൗസേപ്പിതാവിന്റെ ഊട്ടു തിരുന്നാൾ











# മലയാറ്റൂർ തീർത്ഥാടനം




# വേളാങ്കണ്ണി തീർത്ഥാടനം



# ഓശാന ഞായർ



# Horeb Fest



## കാരുണ്യഹസ്തവുമായി മാതൃവേദി




## പെസഹതിരുന്നാൾ













# ദു:ഖവെള്ളിയാഴ്ച തിരുകർമ്മങ്ങൾ














# ഉയിർപ്പ് തിരുന്നാൾ തിരുകർമ്മങ്ങൾ









JOS ALUKKAS
A TRADITION OF FINE JEWELLERY
SHUBHA
mangalyam
WEDDING JEWELLERY COLLECTIONS
100 Feet Road, COIMBATORE. Ph: 0422-2491916
Shop Online: josalukkasonline.com /josalukkas

M.A.T. Prabhu
9362693565
9092226026[whatsapp]



# Delux Studio

(opp)St.Michael's .Hr.Sec.School)
Big bazaar street,Coimbatore-1

wedding photography
kids photography
Industrail photography
candid photography
wedding videography
kids videography
Industrail videography
candid videography



J. Jofy CIS
9842040330

LIC

We Secure your
Lives

STAR Health Insurance

We care for your
Health

- Children's Policy
- Money Back Policy
- Pension Policy
- HNI Policy
- Corona Policy
- Family Mediclaim Policy
- Accident Policy
- Diabities Safe Policy

BHAARATH™

Lion D. JOHNSON., ITES (DIP)
Cell : 98430 - 18011
Shop : 95853 - 33778

# BHAARATH ELECTRICAL INDUSTRY



78, New Scheme Road, P.N. Palayam,
Coimbatore - 641 037















LIC
भारतीय जीवन बीमा निगम
LIFE INSURANCE CORPORATION OF INDIA

**N.S. Franco**
Insurance Advisor
9843246346

# High-Return Insurance

**Pay for 16 Years**

**Relax for 9 Years**

**Maturity at 25 Years**

| DAILY SAVING | MATURITY |
|---|---|
| ₹100 | ₹21,00,000 |
| ₹150 | ₹31,50,000 |
| ₹100 | ₹21,00,000 |
| ₹200 | ₹42,50,000 |
| ₹300 | ₹64,00,000 |
| ₹500 | ₹1,00,00,000 |

*Returns Matter a lot. It's our Capital."








If not you, then who? If not now, when? start YOUR Investment NOW

67, Sasthri Road, South North Cross,
Rathinapuri, Cbe - 27


FRANCIS AUTO GARAGE
83, Balaji Nagar, New sidhapudhur, Coimbatore
641044
For more details
9443055455
9003355455
0422-2247007
Fast
Professional
Reliable
24 hs. Emergency Service
Our Service
Spare Parts
Tours & Travels
AC Repair
Battery Service
Mechanic repair
Customer
Safety
Quality
BELIEVE IN THE BEST


P. Rommal Antony
ATR PAINTS
No. 15, Rajaji Nagar, Singanallur,
Coimbatore, Tamil Nadu - 641 005.
Mob. 9944535859
Email:atrpaints@gmail.com
Authorised Distributor & Dealer for :
JOTUN
No. 1 in Quality Paints
Berger
asian paints
Protective Coatings


25th
Anniversary
18.05.1997
C. D Lona & B. P Rosily
St. Francis Xavier Unit


EXCEL BATTERY HOUSE
1144, Near Kannan Department, Sathy Main Road, Ganapathy
batteryhouse18@gmail.com
9003355455
8220888038
8220155088
0422-2333007
TWO WHEELER BATTERY
ONLINE UPS BATTERY
TRUCK BATTERY
UPS BATTERY
CAR BATTERY
BUS BATTERY
INVERTER
EXIDE
LUMINOUS
MICROTEK
DIGITAL INVERTER
AMARON
LASTS LONG, REALLY LONG.
V-GUARD
The name you can trust
POWERZONE
BATTERIES, INVERTER & MORE

# സ്വർഗ്ഗത്തിൽ 1–ാം പിറന്നാൾ



കൊളമ്പ്രത്ത് പൊറിഞ്ചു ജോസഫ്

കൊളമ്പ്രത്ത് ജോസഫ് ഭാര്യ സിസിലി

| | |
|---|---|
| ദൈവത്തിൽ നിന്ന് 01.09.1944 | ദൈവത്തിൽ നിന്ന് 11.05.1951 |
| ദൈവത്തിങ്കലേക്ക് 02.06.2021 | ദൈവത്തിങ്കലേക്ക് 31.05.2021 |

യേശു മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്തു
എന്നു നാം വിശ്വസിക്കുന്നതുപോലെ യേശുവിൽ
നിദ്ര പ്രാപിച്ചവരെ ദൈവം അവനോടുകൂടെ ഉയിർപ്പിക്കും
1 തെസലോനിക്ക 4:14

ജൂലിയ, ജാസ്മി, ബിസ്മി, ജിസ്മി, ജെസ്‌വിൻ, സി. ജോളി

# സ്നേഹസ്മരണയ്ക്കായി

## 24-ാം ചരമവാർഷികം (23.05.2022)



പ്രാർത്ഥനയോടെ, സന്തപ്തകുടുംബാംഗങ്ങൾ



# ROSSA LONAPPAN

**Thathrathil Ponmani House**
**P.N Palayam, CBE- 37**

"നിങ്ങളും ഒരുങ്ങിയിരിക്കുവിൻ
എന്തെന്നാൽ പ്രതീക്ഷിക്കാത്ത മണിക്കൂറിലാണ്
മനുഷ്യ പുത്രൻ വരുന്നത്"
ലൂക്കാ 12:40





## 6th Death Anniversary



# N.P Simon

Neelankavil House

Birth: 30.01.1952
Death : 10.06.2016

*Sorrowing Family*

Wife : Thankamma Simon
Son : Franco N.S
Daughter : Lissy N.S
Son-in-law : Stanely Joseph

Daughter-in-law : Shymi Franco
Grand Son : C.S. Emmanuel
N.F Prince
Grand Daughter : Ann Rose C.S
Anu Rose N.F




JOSEPH STANISLAUS. J
Mobile : 94437 75050
WATER PROOF CONSULTANT
TERRACE THERMAL INSULATION, ELEVATION TILES WATERPROOF
WATER TANKS LEAK PROOF, TERRACE WATER PROOF
INTERIOR PAINTS
48/641, 7th Street Extension, Gandhipuram, Coimbatore-12


Shaju A George
Director - Business Development
Mob: +91 9003364414
ALERT SECURITY MART
179, N.G. Narayanasamy Road,
New Siddhapudur, Coimbatore - 641 044
Tamil Nadu, India., Ph: 0422 4383800
E-Mail: shaju@alertsecuritymart.com web: alertsecuritymart.com
godrej
CP PLUS Intelligent Security Systems
alhua TECHNOLOGY
HIKVISION
Ravel Reliability at reach
DSC
SIEMENS
ERREKA
Honeywell
CCTV | BIO METRIC ATTENDANCE/ ACCESS CONTROL| FIRE / BURGLAR ALARM | HOME AUTOMATION


Joseph CP
9363210497
SINI
Photo & Videos
5/55, Vimal Nagar, Viswasapuram, cbe-35


JOSE V.T
MANNA
Catering
SERVICE
VEG & NON VEG
* PHOTOGRAPHY
* VIDEOGRAPHY
* LIGHTING
* STAGE BACKDROP
* SOUND SYSTEM
93632 49570
KUNIAMUTHUR,
COIMBATORE - 641 008

# 3–ാം ചരമ വാർഷികം



# മേരി അന്തോണി

**കുണ്ടുകുളങ്ങര ഹൗസ്**

**ജനനം : 05.11.1939** **മരണം: 28.06.2019**

39-B, Mary Bhavanam, Checkan Thottam,
Ganapathy, Coimbatore - 641006

**ദുഃഖാർത്തരായ കുടുംബാംഗങ്ങൾ**

Daisy, Joy Josephina, Lilly, Thomas Prabhu
Reshmi, Babu, Ouseph, Rani
Jomon, Anit, Liwin, Lini, Sherin, Anto



## 3rd Death Anniversary

# AMMINI JOSE

**Kidangan House**

**D.O.D : 22.05.2019**

**St. Vincent De Paul Unit**
**Rathinapuri**

*Sorrowing Family Members*
*Jose*

*Mrs. Omana Raphael & Family*
*Mrs. Beena Nelson & Family*
*Mrs. Baby Shajan & Family*
*Mr. Babu Jose & Family*

# Eden Boutique

*We make your big day more beautiful...*








Specialist on all kinds of bridal bouquets,
Welcome bouquets, Net and satin garlands,
Holy communion candles ,tiara ,veil and pocket broches,
Baptism sets, bride's Maids/flower girls bouquets and wreaths.








Owner : Sowmya
Whatsapp/call for orders
9994448097



*Praise the lord*

# 10th Year of Remembrance

*In Loving memory of our beloved Pappa*



# C.D.FRANCIS

## Chalissery House

Born : 14.04.1956     Died : 03.05.2012

*"Come to me, All you who labour and are heavy laden, and i will give you rest." Matthew 11:28*

Missing you every day but moving forward with sweet memories of you...Love you Pappa...

Sorrowing Family

Daughter : Sowmya Francis, Son-in-law: Aiby Abraham .M, Son: Samson Francis, Daughter-in-Law: Steffy Joy
Grand Children : Norah Joseph & Naysa Joseph & Wayne Samson

# സഭാവാർത്തകൾ

1. രണ്ടു വർഷത്തിനു ശേഷം സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ വിശ്വാസികളുടെ പങ്കാളിത്വത്തോടെ ഫ്രാൻസിസ് മാർപാപ്പ ഈസ്റ്റർ കുർബാന അർപ്പിച്ചു. 280 വൈദീകർ, 25 ബിഷപ്പുമാർ, 23 കർദ്ദിനാൾമാർ എന്നിവർക്കൊപ്പമാണ് പാപ്പ വിശുദ്ധ കുർബാനയർപ്പിച്ചത്. ഏകദേശം 50,000 വിശ്വാസികളാണ് പാപ്പായുടെ വിശുദ്ധ ബലിയിൽ പങ്കെടുത്തത്. ഈസ്റ്റർ തിരുക്കർമ്മങ്ങളുടെ അവിഭാജ്യഭാഗമായ *'ഊർബി ഏത് ഓർബി'* ആശീർവാദകർമ്മത്തിനുമുൻപ് മാർപാപ്പ ഉക്രൈനുവേണ്ടി പ്രാർത്ഥിക്കുകയും ഉക്രൈൻ യുദ്ധത്തെക്കുറിച്ച് ഖേദം പ്രകടിപ്പിക്കുകയും ചെയ്തു.

2. ലോകരക്ഷകനായ യേശുവിന്റെ പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും സ്മരണയും, യുക്രൈൻ-റഷ്യൻ ജനതയുടെ അനുരഞ്ജനം എന്ന നിയോഗവുമായി ദുഃഖവെള്ളിയാഴ്ച റോമിലെ കൊളോസിയത്തിൽ നടന്ന കുരിശിന്റെ വഴിയ്ക്ക് ഫ്രാൻസിസ് പാപ്പ നേതൃത്വം നൽകി. കൊളോസിയത്തിലെ കുരിശിന്റെ വഴിയിലെ പതിമൂന്നാം സ്ഥലത്തേക്കുള്ള വിചിന്തനം എഴുതി നൽകിയത് യുക്രൈൻ-റഷ്യൻ കുടുംബങ്ങളിൽ നിന്നുള്ളവരായിരുന്നു. ഉക്രൈനിൽനിന്നുള്ള ഐറിനയും റഷ്യയിൽനിന്നുള്ള ആൽബിനയുമാണ് പതിമൂന്നാം സ്ഥലത്തിനുവേണ്ടി കുരിശുവഹിച്ചത്.

3. പെസഹാവ്യാഴ തിരുക്കർമങ്ങൾക്കായി ഫ്രാൻസിസ് പാപ്പ ഇത്തവണയും തിരഞ്ഞെടുത്തത് ജയിൽതന്നെ. റോമിൽനിന്ന് 50 മൈൽ വടക്ക്-പടിഞ്ഞാറ് തുറമുഖ നഗരമായി സിവിറ്റവേച്ചിയയിലെ ജയിലിൽ എത്തി അവിടത്തെ 12 തടവുപുള്ളികളുടെ പാദങ്ങൾ കഴുകി ചുംബിച്ചാണ് കർത്താവ് ലോകത്തിന് കാണിച്ചുതന്ന വിനയത്തിന്റെ അതുല്യമാതൃകയുടെ അനുസ്മരണം പാപ്പ നടത്തിയത്.

4. പരിശുദ്ധ ദൈവമാതാവിന്റെ തിരുപ്പിറവിക്ക് സമർപ്പിക്കപ്പെട്ട ഇറ്റലിയിലെ ഏറ്റവും വലിയ പള്ളി എന്ന ഖ്യാതി നേടിയിട്ടുള്ള മിലാനിലെ ഡുവോമോ ഡി മിലാനോ കത്തീഡ്രലിന്റെ മാതൃകയിൽ നിർമ്മിച്ചിരിക്കുന്ന ഭീമൻ കേക്ക് 'വേൾഡ് ബുക്ക് ഓഫ് റെക്കോർഡ്'സിൽ ഇടം നേടി. 6.5 അടി നീളത്തിലും 4.5 അടി വീതിയിലും, 100 കിലോ തൂക്കത്തിലുമുള്ള ഈ മനോഹരമായ കേക്ക്, പൂനെ സ്വദേശിനിയും അന്താരാഷ്ട്രതലത്തിൽ

അറിയപ്പെടുന്ന കേക്ക് നിർമ്മാതാവുമായ പ്രാച്ചി ധാബൽ ദേബ് ആണ് നിർമ്മിച്ചിരിക്കുന്നത്.

5. ഈജിപ്തിലെ കോപ്റ്റിക് കത്തോലിക്കാസഭയുടെ മുൻ പാത്രിയാർക്കീസ് കർദ്ദിനാൾ അന്തോണിയോസ് നാഗ്വിബ് അന്തരിച്ചു. 87 വയസ്സായിരുന്നു. രാജ്യതലസ്ഥാനമായ കെയ്റോയിലെ ഇറ്റാലിയൻ ആശുപത്രിയിൽ അത്യാഹിതവിഭാഗത്തിൽ ചികിത്സയിൽ കഴിയുകയായിരുന്ന അദ്ദേഹം മാർച്ച് 27 രാത്രിയിലാണ് നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടത്.

6. തെരഞ്ഞെടുക്കപ്പെട്ട ജനാധിപത്യസർക്കാരിനെ അട്ടിമറിച്ച് അധികാരത്തിലേറിയ സൈനീക ഭരണകൂടത്തിനെതിരെയുള്ള ജനകീയ പ്രക്ഷോഭം ശക്തമായി തുടരുന്നതിനിടയിലും തെക്കുകിഴക്കൻ ഏഷ്യൻ രാജ്യമായ മ്യാൻമറിൽ ദൈവവിളി വസന്തം. യാങ്കോണിലെ സെന്റ് മേരീസ് കത്തീഡ്രലിൽ മ്യാൻമർ മെത്രാൻസമിതി പ്രസിഡന്റും, യങ്കോൺ മെത്രാപ്പോലീത്തയുമായ കർദ്ദിനാൾ ചാൾസ് ബോയുടെ കാർമ്മികത്വത്തിൽ നടന്ന ചടങ്ങിൽവെച്ച് 13 പേരാണ് തിരുപ്പട്ടം സ്വീകരിച്ച് പൗരോഹിത്യത്തിലേക്ക് പ്രവേശിച്ചത്.

7. സ്രാവിന്റെ പിടിയിൽനിന്നും യുവാവിനെ രക്ഷിച്ച കത്തോലിക്കവൈദികനായ ഫാ. ലിയാം റയാന് ധീരതയ്ക്കുള്ള ഓസ്ട്രേലിയൻ പുരസ്കാരം. മിഡ്ലാൻഡ് സെന്റ് ജോൺ ഓഫ് ഗോഡ് പബ്ലിക് ഹോസ്പിറ്റലിലെ ചാപ്ലിനായ ഫാ. റയാൻ, ഓസ്ട്രേലിയൻ ഗവർണർ ജനറൽ ഡേവിഡ് ഹർലിയിൽനിന്ന് ധീരതാപുരസ്കാരം ഏറ്റുവാങ്ങും. വൈദികനൊപ്പം രക്ഷാപ്രവർത്തകരായ മൂന്നുപേർക്കും ധീരതയ്ക്കുള്ള അവാർഡ് ലഭിച്ചു. 2021 സർഫ് ലൈഫ് സേവിംഗ് ഡബ്ല്യുഎയുടെ വാർഷിക കോസ്റ്റൽ ബ്രേവറി അവാർഡും അവർക്ക് ലഭിച്ചിരിന്നു.

8. പടിഞ്ഞാറേ ഏഷ്യയിലെ ഇസ്ലാമിക ഭൂരിപക്ഷരാഷ്ട്രമായ ഒമാന്റെ ചരിത്രത്തിൽ ഇതാദ്യമായി പൗരോഹിത്യപട്ടസ്വീകരണം. സലേഷ്യൻ സമൂഹത്തിന്റെ ബാംഗ്ലൂർ പ്രോവിൻസ് അംഗമായ ഫാ. ഡിക്സൻ യൂജിനാണ് സതേൺ അറേബ്യൻ അപ്പസ്തോലിക വികാരിയും, നോർതേൺ അറേബ്യയുടെ അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററുമായ ബിഷപ്പ് പോൾ ഹിൻഡറിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചത്. ഒമാനിൽ ജനിച്ചുവളർന്ന വ്യക്തിയാണ് ഫാ. ഡിക്സൻ.

9. അമേരിക്കയിലെ ഒഹായോ സംസ്ഥാനത്തുള്ള കൊളംബസ് രൂപതയുടെ മെത്രാനായി ഇന്ത്യൻ വേരുകളുള്ള ഏൾ ഫെർണാണ്ടസിനെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. അമേരിക്കയിലെ ഒരു രൂപതയുടെ നേതൃത്വത്തിലേക്ക് ഇന്ത്യയിൽ വേരുകളുള്ള ഒരാൾ വരുന്നത് ഇത് ആദ്യമായിട്ടാണ്. ബ്രൂക്ലിൻ രൂപതയുടെ ചുമതലകളിലേക്ക് ഫ്രാൻസിസ് മാർപാപ്പ മാറ്റിയ ബിഷപ്പ് റോബർട്ട് ബ്രന്നന്റെ പിൻഗാമിയായാണ് അദ്ദേഹം ചുമതല ഏറ്റെടുക്കാൻ പോകുക.

10. ഭാരതത്തിലെ ക്രിസ്ത്യൻ മിഷ്ണറിമാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കണമെന്ന തീവ്ര ഹിന്ദുത്വസംഘടനയായ ഹിന്ദുധർമ്മ പരിഷദിന്റെ പരാതി സുപ്രീംകോടതി തള്ളി. മേലിൽ ഇത്തരം പരാതിയുമായി കോടതിയെ സമീപിക്കുകയാണെങ്കിൽ പിഴ ചുമത്തുമെന്ന മുന്നറിയിപ്പും കോടതി നൽകി. ഇതേ ആവശ്യം കഴിഞ്ഞവർഷം മദ്രാസ് ഹൈക്കോടതി തള്ളിയിരുന്നു

11. പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ മിഷൻ സമൂഹാംഗവും ആന്ധ്രാപ്രദേശിലെ കുർനൂൽ രൂപതയുടെ മുൻ അധ്യക്ഷനുമായ മാർ മാത്യു ചെരിയൻകുന്നേൽ കാലം ചെയ്തു. 92 വയസ്സായിരിന്നു. 1930 സെപ്റ്റംബർ 23ന് കോട്ടയം ജില്ലയിലെ കടയനികാട് ഗ്രാമത്തിൽ ജനിച്ച അദ്ദേഹം 1986 ഡിസംബർ 22-ന് കുർനൂൽ രൂപതയുടെ മെത്രാനായി നിയമിതനായി. 1991 ജൂലൈ 16 മുതൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.

12. ഫാ. ടോണി ജേക്കബ് കോഴിമണ്ണിൽ പി.ഒ.സി.യുടെ പാസ്റ്ററൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡീൻ ഓഫ് സ്റ്റഡീസായി ചുമതലയേറ്റു. ബത്തേരി രൂപതാംഗമാണ്. മൈസൂർ യൂണിവേഴ്സിറ്റിയിൽനിന്ന് സോഷ്യൽ വർക്കിൽ മാസ്റ്റർ ബിരുദവും മുംബൈയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൈക്കോ തെറാപ്പി ആൻഡ് മാനേജ്മെന്റ് സയൻസിൽനിന്ന് സൈക്കോതെറാപ്പി ആൻഡ് കൗൺസിലിംഗിൽ മാസ്റ്റർ ബിരുദവും കരസ്ഥമാക്കിയിട്ടുണ്ട്.

13. സുൽത്താൻ ബത്തേരി രൂപതാധ്യക്ഷനും മലങ്കര കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ കൂടിയായ ബിഷപ്പ് ഡോ. ജോസഫ് മാർ തോമസ് കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ (സി.ബി.സി.ഐ) വുമൺ കൗൺസിൽ ചെയർമാനായി


തെരഞ്ഞെടുക്കപ്പെട്ടു. നിലവിൽ ഇദ്ദേഹം കെ.സി.ബി.സി യുടെ സെക്രട്ടറി ജനറലും കാർഷിക പുരോഗമന സമിതിയുടെ രക്ഷാധികാരിയുമാണ്.

14. ആലപ്പുഴ ലത്തീൻ രൂപതയുടെ മുൻ അധ്യക്ഷൻ ബിഷപ്പ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ (77) കാലം ചെയ്തു. അർത്തുങ്കൽ സെന്റ് സെബാസ്റ്റ്യൻ വിസിറ്റേഷൻ ഹോസ്പിറ്റലിൽ ചികിത്സയിലിരിക്കെ ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം. സംസ്കാരം ആലപ്പുഴ മൗണ്ട് കാർമൽ കത്തീഡ്രലിൽ നടന്നു.

15. ദളിത് കത്തോലിക്കാ മഹാജനസഭ (ഡി.സി.എം.എസ്) യുടെ പ്രസിഡന്റായി ജയിംസ് ഇലവുങ്കൽ (ചങ്ങനാശേരി അതിരൂപത), ജനറൽ സെക്രട്ടറിയായി ജസ്റ്റിൻ പി. സ്റ്റീഫൻ (തിരുവനന്തപുരം മലങ്കര അതിരൂപത) എന്നിവരെ തെരഞ്ഞെടുത്തു. വിൻസെന്റ് ആന്റണി, കാഞ്ഞിരപ്പള്ളി (വൈസ്പ്രസിഡന്റ്), ബിജി സാലസ് പാലാ (സെക്രട്ടറി), ബിജു അരുവിക്കുഴി പാറശാല (ജോയിന്റ് സെക്രട്ടറി), എൻ. ദേവദാസ് നെയ്യാറ്റിൻകര (ഖജാൻജി), എ.പി. മാർട്ടിൻ എറണാകുളം-അങ്കമാലി (ഓർഗനൈസർ) എന്നിവരെയും തെരഞ്ഞെടുത്തു.

16. ഏകീകരിക്കപ്പെട്ട വിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹത്തിന്റെ ആദ്യത്തെ സുപ്പീരിയർ ജനറൽ മദർ മേരി ഇസ്പിരിത്ത് എസ്.എ.ബി.എസ് അന്തരിച്ചു. സംസ്ക്കാരം വാഴപ്പിള്ളി മഠം ചാപ്പലിൽ നടന്നു.

17. ലോകത്തെ ഏറ്റവും പ്രായമേറിയ സലേഷ്യൻ വൈദികൻ എന്ന പേരിൽ അറിയപ്പെട്ടിരിന്ന ഫാ. ലാഡിസ്ലാവ് ക്ലിനിക്കി അന്തരിച്ചു. ഏപ്രിൽ 12-ന് തന്റെ 107-മത്തെ വയസ്സിൽ ബ്രസീലിലെ സാവോ പോളയിൽവെച്ചായിരുന്നു അന്ത്യം. സാവോപോളോയിലെ സാന്താ ടെരെസിൻഹാ ഇടവകയിലെ ബ്ലസ്സഡ് സാക്രമെന്റ് സെമിത്തേരിയിൽ ഭൗതീകശരീരം അടക്കം ചെയ്തു.



# Oppositional Defiant Disorder (ODD)



Rinu Manish

കുട്ടികളിലെ കുട്ടിക്കുറുമ്പുകൾ ആവോളം ആസ്വദിക്കുന്ന നമ്മളിൽ എത്ര പേർക്കറിയാം പരിധി വിട്ടാൽ ഈ കുസൃതികൾ ഒരു വൈകല്യമാണെന്നുള്ളത് ശീലങ്ങളും പ്രവൃത്തികളും ചിന്തകളും അതിരുകവിഞ്ഞാൽ അത് വൈകല്യങ്ങളായി മാറുന്നു. മുതിർന്നവരിൽ അനായാസം അവ മനസ്സിലാക്കാൻ കഴിയും. പക്ഷെ, കുട്ടികളുടെ കാര്യത്തിൽ "കുഞ്ഞല്ലേ, വികൃതി കാണിക്കട്ടെ" എന്ന ഒരു മനോഭാവത്തിൽ തള്ളിക്കളയുമ്പോൾ അത് സ്വഭാവ വൈകല്യങ്ങളിലേയ്ക്ക് ഒരുപക്ഷേ വഴി മാറാം. കുസൃതിയുടെ അതിർവരമ്പുകളെപറ്റി മാതാപിതാക്കൾ ബോധവാൻമാരാകേണ്ടതാണ്. കുട്ടികൾ കാണിക്കുന്ന ഇത്തരം വൈകല്യങ്ങളെ പെരുമാറ്റ വൈകല്യങ്ങൾ അഥവാ Behavioural Disorders എന്ന് അറിയപ്പെടുന്നു. കുട്ടികളിലും സാധാരണ ചില adolesent ആയവരിലും കാണപ്പെടുന്ന ഒരു പെരുമാറ്റ വൈകല്യമാണ് ODD (Oppositional Defiant Disorder).

**എന്താണ് ODD**

മറ്റു കുട്ടികളിൽനിന്ന് വ്യത്യസ്തമായിട്ട് സ്ഥിരമായി മുതിർന്നവരെ അനുസരിക്കാതിരിക്കാനും ധിക്കരിക്കാനുമുള്ള പ്രവണതയാണ് ODD (Oppositional Defiant Disorder).

കാരണമൊന്നുമില്ലാതെ ആരെയും അനുസരിക്കാതെ ധിക്കാരത്തോടെ എന്തിനേയും എതിർക്കുന്ന കുട്ടികൾ ഈ വിഭാഗത്തിൽപ്പെടുന്നു. ചിട്ടയായ സ്വഭാവരൂപീകരണത്തിലൂടെ ODD ശരിയാക്കാമെന്നുള്ളതിനാൽ ഇതിനെ പേടിക്കേണ്ട കാര്യമില്ല. 100-ൽ 5 പേർക്ക് ODD ഉണ്ടെന്നുള്ളതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സാധാരണ ആൺകുട്ടികളിലാണ് കൂടുതൽ ഇത് കാണപ്പെടുന്നത്.

**ലക്ഷണങ്ങൾ**

ഇക്കൂട്ടർ എപ്പോഴും Restless and Irritated ആയിരിക്കും. ചെറിയ കാര്യങ്ങൾക്കുപോലും പെട്ടെന്ന് കോപിക്കുകയും പ്രതികരിക്കുകയും മറ്റുള്ളവരെ പ്രകോപിക്കുകയും ചെയ്യും. ക്ഷമയില്ലായ്മ ഇവരുടെ മുഖമുദ്രയാണ്. കൈയിൽ കിട്ടുന്നതെന്തും എറിഞ്ഞു പൊട്ടിക്കുക, മറ്റുള്ള കുട്ടികളെ തള്ളിയിട്ടു വീഴ്ത്തുക, മോഷ്ടിക്കുക എല്ലാം ഇവരിൽ കാണുന്ന ലക്ഷണങ്ങളാണ്. എന്തൊക്കെ ചെയ്താലും ന്യായീകരിക്കുന്ന ഇവർക്ക് ആത്മാഭിമാനം വളരെ കുറവായിരിക്കും. കൂടാതെ ചെയ്ത തെറ്റുകൾ മറ്റുള്ളവരുടെമേൽ ചാർത്തി രക്ഷപ്പെടാൻ ഇവർ മിടുക്കരായിരിക്കും. നിയമാവലികൾ പാലിക്കാൻ ഇത്തരം കുട്ടികൾക്ക് വളരെ ബുദ്ധിമുട്ടാണ്. ഈ ലക്ഷണങ്ങൾ നിരന്തരമായി കാണുകയും അവ അവഗണിക്കുകയും ചെയ്താൽ സ്വഭാവ വൈകല്യങ്ങളിലേക്ക് വഴിമാറുകയും കുറ്റവാളികളായി മാറാനുമുള്ള സാധ്യതകൾ ഏറെയാണ്.

**പരിഹാര മാർഗ്ഗങ്ങൾ**

മേൽപ്പറഞ്ഞ ലക്ഷണങ്ങൾ തുടർച്ചയായി ഒരു കുട്ടിയിൽ കണ്ടാൽ കുട്ടിത്തമാണെന്ന് അലസമായി ചിന്തിക്കാതെ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടത് ആവശ്യമാണ്. അല്ലാത്തപക്ഷം കുട്ടികളോടു ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹമായിരിക്കും അത്. അവരെ മികച്ച സ്വഭാവത്തിനുടമകളാക്കാനുള്ള കടമ നമ്മളോരോരുത്തരുടെയുമാണ്. ഉദാഹരണത്തിന് കാരണമൊന്നുമില്ലാതെ സ്ഥിരമായി ഹോം

വർക്ക് ചെയ്യാത്ത ഒരു കുട്ടിയെ ഉത്തരവാദിത്വത്തോടെ അത് ചെയ്യിക്കുന്ന ഒരു ശീലത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുമ്പോൾ ആത്മാഭിമാനവും കൃത്യനിഷ്ഠയും ആ കുട്ടിയിൽ വളരുന്നു. ലക്ഷണങ്ങളെ അവഗണിക്കാതെ വേണ്ടപ്പെട്ടവരുമായി സംസാരിക്കുകയോ ഒരു Child Counsillor-ന്റെ ഉപദേശം തേടുകയോ ചെയ്യുന്നതാണ് ഉത്തമം. അങ്ങനെ നല്ലൊരു ഭാവി രൂപപ്പെടുത്താൻ കഴിയും. ശരിയും തെറ്റും വിവേചിച്ചറിയാൻ ഇങ്ങനെയുള്ള കുട്ടികളെ പരിശീലിപ്പിക്കുക എന്നതാണ് പരമപ്രധാനം. അത് കുടുംബത്തിൽ നിന്നാണ് തുടങ്ങേണ്ടത്. മാതാപിതാക്കൾ പരസ്പരം ധിക്കരിക്കുന്നത് കണ്ടുവളരുന്ന മക്കൾക്ക് എങ്ങനെ സൗമ്യരാകാൻ കഴിയും? നല്ല ശീലങ്ങൾ പ്രോത്സാഹിപ്പിക്കു. 'ചൊട്ടയിലെ ശീല ചുടല വരെ' എന്ന പഴഞ്ചൊല്ല് നമുക്കെല്ലാം ചിരപരിചിതമാണല്ലോ.

**ODD അനന്തരഫലങ്ങൾ**

- സ്കൂൾ പ്രവർത്തനങ്ങളിൽ ശോഭിക്കാൻ ബുദ്ധിമുട്ട്
- സമൂഹവിരുദ്ധ പ്രവർത്തനങ്ങൾ
- പ്രകടമായ പ്രകോപിത പ്രശ്നങ്ങൾ
- മയക്കുമരുന്നിന്റെ ഉപയോഗം
- ആത്മഹത്യ പ്രവണത
- ആശയവിനിമയ പ്രശ്നങ്ങൾ
- ബന്ധങ്ങൾ നിലനിർത്താൻ ബുദ്ധിമുട്ട്

**മാതാപിതാക്കൾ ചെയ്യേണ്ടത്**

ODD- യുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് അവരെ നിയന്ത്രിക്കാൻ പലപ്പോഴും ബുദ്ധിമുട്ടായിരിക്കും. താഴെ പറയുന്ന രീതിയിൽ കുട്ടികളോട് പെരുമാറാവുന്നതാണ്.

- കുട്ടി Flexible ആയിരിക്കുമ്പോൾ Positive ആയും Supportive ആയും സംസാരിക്കുക.
- ദേഷ്യത്തിലായിരിക്കുമ്പോൾ പ്രതികരിക്കാതിരിക്കുക
- കുട്ടിയിൽ ഒരു കാര്യവും അടിച്ചേൽപ്പിക്കാതിരിക്കുക.
- ഏൽപ്പിക്കുന്ന കാര്യങ്ങൾ നിശ്ചിതസമയപരിധിക്കുള്ളിൽ ചെയ്തു തീർക്കാൻ പരിശീലിപ്പിക്കുക.
- പ്രായത്തിനനുസരിച്ചുള്ള ഉത്തരവാദിത്വങ്ങൾ അവരെക്കൊണ്ട് ചെയ്യിപ്പിക്കുക.

- കുട്ടിയുടെ കൂടെ ആയിരിക്കുന്നതിൽ താത്പര്യം കാണിക്കുക.
- നിങ്ങളുടെ മാനസിക പിരിമുറുക്കങ്ങൾ കുട്ടികളോട് കാണിക്കാതിരിക്കുക.
- സൗമ്യമായി സമയമെടുത്ത് ഓരോ നല്ല ശീലങ്ങൾ അവരെ പരിശീലിപ്പിക്കാൻ ശ്രമിക്കുക.
- യോഗ, ഇഷ്ടമുള്ള കായിക വിനോദങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക.

**ഉപസംഹാരം**

ODD ഉള്ള കുട്ടികൾക്ക് അവരുടെ മാതാപിതാക്കൾ, സഹോദരങ്ങൾ, അധ്യാപകർ, സഹപാഠികൾ ഇവരോടൊന്നും നല്ല ബന്ധം കാത്തുസൂക്ഷിക്കാൻ പലപ്പോഴും കഴിയാതെ പോകുന്നു. അതുകൊണ്ട് അവരുടെ ഉള്ളിന്റെ ഉള്ളിൽ എപ്പോഴും ഒരു പിരിമുറുക്കം അനുഭവപ്പെട്ടുകൊണ്ടേയിരിക്കും. ഈ Inner Conflict മനസ്സിലാക്കി പെരുമാറുമ്പോഴാണ് ഈ കുട്ടികളിൽ Positive effect ഉണ്ടാക്കാൻ കഴിയുന്നത്.

**Reference**

American Academy of child and adolescent Psychiatry. Journal 2022



# ST. CATHERINE OF SIENA



Tinu Antony

St. Catherine of Siena is a one of the well-known saint for her true devotion, sacrifice and bravery. She was not only famous for her works and deeds but she also had a special relationship with God that is still very rare to achieve today. Her ways of life will always reflect on her stance as a prominent figure in the history of Catholic Church.

St. Catherine was born on March 25th 1347 in Siena Italy. She had a first vision of Christ when she was just about 6. She is said to have experienced a vision of Christ seated in glory with Apostles Peter, Paul and John. In her early teen years, she faced troubles regarding her parents trying to stop her in the path she was taking. At the age of 16 her parents compelled her for marriage. Catherine was very opposed to this and she started a massive fast. She also disappointed her mother by cutting off her long beautiful hair. Throughout many of her teenage years Catherine devoted the majority of her time serving God. Catherine resisted her parents' wishes of getting married by living on an active and prayerful life outside of convent walls. Eventually both of her parents accepted her

ways of life that she chose. To her, her father represented Christ, her mother represented the Blessed Virgin Mary and her brothers represented the Apostles. She served them as an opportunity for spiritual growth. Her prayer life and relationship with God was growing quickly. With the help of her cousin, a Dominican Priest, Catherine joined the Dominican third order in 1363. Her relationship with God and her holy ways of life were clearly evident just by her presence. She still lived at home with her family like before but in almost in total silence in solitude. As St. Catherine was ending her teenage years she was spiritually growing. She began experiencing celestial visions in which God communicated with her through visions and human apparitions. At the age of 21 Catherine experienced a mystical marriage or spiritual espousals. This is the very mystical experience that the only selected people mostly saints get to go through but as the accompaniment and symbol of a purely spiritual grace.

She began to write letters to men and women in every condition and stance of life. She corresponded with the princess and republics of Italy as well as by the papal legates or representatives of the Pope. Her letters had a strong effect on many people of the time. When plague affected her home town, she and her followers stayed back in the country to treat the sick. Tirelessly Catherine went from hospital to hospital, out of homes where the sick lay, to nurse them, to pray to console them, wash and clothe the corpses for burial.

Years without proper sleep and food made her body fragile. On 29th April 1380 this angel of the earth had the happiness of taking flight to her beloved by uttering these words, " Father, into thy Hands I commend my spirit." St. Catherine of Siena will always rank high among the mystics and spiritual writers of the church. She will always be well known and respected for her mystical writings and her boldness to speak the truth both in personal and political affairs. St. Catherine of Siena's fervent pledge to prayer, peace and justice and her great love for the church and God are vital abilities that should be imitated. God has a plan greater than any of us could imagine, and each one of us has a place in that plan. The real difference between us and St. Catherine is not that she performed greater penances or prayed more or consumed nothing but the Eucharist while we are rather attached to earthly food. It is that in emptying herself of all vanity and all self - will she allowed herself to be a conduit for the power of God working in the world and we resist.



# കുട്ടികളിലെ ലഹരി ഉപയോഗം മുളയിലേ നുള്ളാം!



M.A James

യുവതലമുറയിൽ ലഹരിമരുന്നുകളുടെ ഉപയോഗം വൻതോതിൽ വർധിച്ചുവരുന്നതായി പഠനറിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. കാൻസർ അടക്കമുള്ള മാരകരോഗങ്ങൾക്കും കുറ്റവാസനകൾ കൂടുന്നതിനും ഇത് കാരണമാകുന്നു. കർശനമായ ശിക്ഷാനടപടികകളുടെ പോരായ്മകളും ബോധവത്കരണ പ്രവർത്തനങ്ങളുടെ പരിമിതികളും ഇതിന് സഹായകമാകുന്നതായി ചൂണ്ടികാണിക്കപ്പെടുന്നു.

ഏഷ്യൻ മേഖലയിൽ കറുപ്പ്, കഞ്ചാവ്, ഹെറോയിൻ, കൊക്കെയിൻ തുടങ്ങിയ വീര്യംകൂടിയ ലഹരിമരുന്നുകളുടെ ഉപയോഗം കൂടുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ മുൻനിരയിലാകുന്നുവെന്നാണ് അന്താരാഷ്ട്ര മയക്കുമരുന്ന് നിയന്ത്രണബോർഡിന്റെ വാർഷിക റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്.

അമേരിക്ക, യൂറോപ്പ്, ചൈന എന്നീ വിദൂരരാജ്യങ്ങളിലേക്ക് കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ കയറ്റിയയക്കുന്നതിന്റെയും ശ്രീലങ്ക, നേപ്പാൾ, ബംഗ്ലാദേശ് എന്നീ അയൽനാടുകളിൽ വിതരണം ചെയ്യുന്ന ഇടനിലക്കാരുടെയും താവളമായി ഇന്ത്യ മാറുന്നുവെന്നുമുള്ള റിപ്പോർട്ടുകൾ ഞെട്ടിക്കുന്നതാണ്. ഏഷ്യയിൽ പ്രതിവർഷം 40 ടൺ ഹെറോയിൻ ഉൽപാദിപ്പിക്കപ്പെടുന്നതിൽ 17 ടൺവിറ്റഴിക്കപ്പെടുന്നത് ഇന്ത്യയിലാണ്. 7500 കോടിയിലേറെ രൂപയുടെ കച്ചവടമാണ് ഈ രംഗത്ത് നടക്കുന്നത്.

ഇന്ത്യയിൽ കൗമാരക്കാരിലും യുവാക്കളിലും മദ്യവും, മയക്കുമരുന്നുകളും ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിവരികയാണ്. കഞ്ചാവ്, ഹാഷിഷ്, ബ്യൂപ്രിനോർഫിൻ, നൈട്രോസെവം, ബ്രൗൺ

ഷുഗർ, ഹെറോയിൻ എന്നിവയാണ് പ്രധാനമായും ഉപയോഗിക്കുന്ന മയക്കുമരുന്നുകൾ. ഇതിനുപുറമെ കഫ്സിറപ്പുകൾ, ആയുർവേദ അരിഷ്ടങ്ങൾ, വൈറ്റ്നർ, ഹാൻസ് ഉൾപ്പെടെയുള്ള പാൻ ഉത്പന്നങ്ങളും വ്യാപകമായി ഉപയോഗിക്കുന്നുണ്ട്.

സ്കൂളുകളിലും കോളേജുകളിലും മയക്കുമരുന്നുകൾ വിൽക്കുന്നവരുടെ ഏജന്റുമാരായി വിദ്യാർത്ഥികൾ മാറുന്നതായിട്ടാണ് അടുത്തിടെ ഉണ്ടായിട്ടുള്ള സംഭവങ്ങൾ വ്യക്തമാക്കുന്നത്. പെൺകുട്ടികളിൽപോലും ഇത്തരം ഉപയോഗം വർധിച്ചുവരുന്നത് ഗൗരവമായി കാണേണ്ടതാണ്. സിറിഞ്ച് ഉപയോഗിച്ച് കുത്തിവച്ചും, സിഗരറ്റ്, ബീഡി എന്നിവയിൽ കലർത്തിയും ഗുളിക രൂപത്തിലും മിഠായിൽ ചേർത്ത് മയക്കുമരുന്നിന്റെ ഉപയോഗം പൊടിപൊടിക്കുന്നു. നോർത്ത് ഇന്ത്യൻ തൊഴിലാളികൾ സൗത്ത് ഇന്ത്യയിൽ വൻതോതിൽ എത്താൻ തുടങ്ങിയതോടുകൂടിയാണ് മയക്കുമരുന്നുകളുടെ വരവ് കൂടിയതെന്ന് അധികൃതർ പറയുന്നു. ഈയിടെ പിടിക്കപ്പെട്ട കഞ്ചാവ് കേസിൽ ഏറെപേരും അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ളവരായിരുന്നു. 1985-ലെ നർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രാപിക്, സബ്സ്റ്റന്റ് നിയമം ഉണ്ടെങ്കിലും കനത്തശിക്ഷ ഇത്തരം കേസുകളിൽപെടുന്നവർക്ക് ലഭിക്കാത്തത് കുറ്റവാസന കൂടുന്നതിന് ഇടയാക്കുന്നുണ്ട്. ഒരു മാസത്തിൽ ആയിരത്തിലേറെ കിലോ കഞ്ചാവ് വിൽപന നടക്കുന്നുന്നൊണ് കണക്കാക്കുന്നത്. പതിനായിരക്കണക്കിന് ആംപ്യൂൾ മയക്കുമരുന്നും വിൽക്കപ്പെടുന്നു. എന്നാൽ കേവലം അഞ്ചുശതമാനത്തിൽ താഴെ മാത്രമെ പിടിക്കപ്പെടുന്നുള്ളു വെന്നതാണ് യാഥാർത്ഥ്യം.

വിരസത, ഏകാന്തത, വിഷാദം എന്നിവയിൽ നിന്നും താത്കാലികമായി മോചനം നേടുന്നതിനുവേിയാണ് പലരും മയക്കുമരുന്നുകൾ ഉപയോഗിക്കാൻ തുടങ്ങുന്നത്. പുകവലിപോലെ തികഞ്ഞ ലാഘവത്തോടെ മയക്കുമരുന്ന് ഉപയോഗിച്ചു തുടങ്ങുന്നവർ ക്രമേണ ഇതിന്റെ അടിമയായി മാറുകയാണ് പതിവ്. കഞ്ചാവിൽ അടങ്ങിയിരിക്കുന്ന പ്രധാന രാസവസ്തു ടെട്രാ ഹൈഡ്രോകന്നാ ബിനോൾന്റെ പുക അകത്തു ചെന്നാൽ ഉടൻ ശ്വാസകോശത്തിൽനിന്നും രക്തത്തിൽ കലരും. പിന്നീട് തലച്ചോറിലേക്കും മറ്റ് അവയവങ്ങളിലേക്കും വ്യാപിക്കും. സന്തോഷം, ഓർമശക്തി, ചിന്തകൾ, ഏകാഗ്രത, സമയബോധം തുടങ്ങിയവ നിയന്ത്രിക്കുന്ന തലച്ചോറിന്റെ ഭാഗങ്ങളിലാണ് കന്നാ ബിനോൾ റിസപ്റ്ററുകൾ കൂടുതലുള്ളത്. കഞ്ചാവിന്റെ ഉപയോഗം കൂടുമ്പോൾ ബൗദ്ധിക പ്രവർത്തനങ്ങളുടെ താളവും തെറ്റും. പിന്നീട് ഇതിന്റെ ഉപയോഗം കുറഞ്ഞാൽ ഭ്രാന്തിന് സമാനമായി പെരുമാറാൻ ഇടയാക്കുമെന്ന് ഡോക്ടർമാർ പറയുന്നു. കാൻസർ രോഗം കുടുന്നതിനും ഹൃദയാഘാത സാധ്യത

വർദ്ധിക്കുന്നതിനും ഇത് കാരണമാകുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരിൽ മുഖ്യപങ്കും ഏതെങ്കിലും തരത്തിലുള്ള ലഹരി മരുന്നുകൾ കൃത്യമായി ഉപയോഗിക്കുന്നവരാണെന്നുള്ളതും ഇതിന്റെ ദോഷം ശരിക്കും വെളിപ്പെടുത്തുന്നു.

(1) എല്ലാവർഷവും (26th June) അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധദിനം ആചരിക്കുമ്പോൾ സമൂഹത്തിന്റെ നിലനിൽപിന് അപകടമായിക്കൊിരിക്കുന്ന മയക്കുമരുന്ന്, മദ്യം ,പുകയില ഉൽപന്നങ്ങൾക്ക് എതിരെ നമ്മുടെ ഇടവകയിൽ യുവജനങ്ങൾ ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ. സംഘടിപ്പിക്കുക ഇടവയിലെ എല്ലാ യുവജനങ്ങളെയും കോർത്തിണക്കി എപ്പോഴും പരസ്പര കമ്മ്യൂണിക്കേഷനിൽ ഒരുമിച്ച് നടക്കുക. ഇതിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു.

(2) മാതാപിതാക്കൾ പ്രത്യേകിച്ച് നമ്മുടെ കുട്ടികൾ, യുവജനങ്ങൾ, ഇടവകയിലെ യുവജന ചങ്ങലയിൽ ഒരു കണ്ണിയായി എപ്പോഴും ഉണ്ടന്നെ് ഉറപ്പുവരുത്തണം. നമുക്ക് നമ്മുടെ കുട്ടികളുടെ പ്രവർത്തനങ്ങളിൽ വ്യത്യാസം തോന്നിയാൽ ഉടനെ യൂത്ത് ലീഡർമാർ, കുട്ടുകരുമായി സംസാരിക്കണം. ഇടവക വികാരിയുടെ ശ്രദ്ധയിൽപ്പെടുത്തണം. നമ്മുടെ അഭിമാനം പോകും എന്ന് വിചാരിച്ചു മറച്ചുവയ്ക്കരുത്. കൂടുതൽ അപകടകരമായ അവസ്ഥയിൽ അത് എത്താൻ ഇടയാക്കും.

(3) നിയമവിരുദ്ധമായ എല്ലാവിധത്തിലുള്ള മയക്കുമരുന്ന്, മദ്യം, പുകയില ഉൽപ്പന്നങ്ങൾ, വിൽക്കുന്ന ഉറവിടങ്ങൾ കണ്ടെത്തിയാൽ, നമുക്ക് മനസ്സിലായാൽ ഉടനെ ആ വിവരം ബന്ധപ്പെട്ട സർക്കാർ ഡിപ്പാർട്ട്മെൻറിനെ അറിയിക്കാൻ മടി കാണിക്കാതിരിക്കുക .

(4) ജീസസ് യൂത്ത്, സീറോ മലബാർ യൂത്ത് മൂവ്മെന്റ് തുടങ്ങിയ നല്ല യുവജന സംഘടനകളിൽ നമ്മുടെ കുട്ടികൾ സജീവമാണെന്നും. ഇടവകയിൽ ആഴ്ചയിലൊരിക്കലെങ്കിലും കുർബാനയിൽ പങ്കെടുക്കുന്നുണ്ടെന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തുക.

(5) നമ്മൾ നമ്മുടെ കുട്ടികളെ വളർത്താനും, പഠിപ്പിക്കാനും, രാപകലില്ലാതെ കഷ്ടപ്പെടുമ്പോൾ, അധ്വാനിക്കുമ്പോൾ അൽപസമയം കുടുംബത്തിലേക്കും, നമ്മുടെ കുട്ടികളുടെ ബന്ധങ്ങളും, ജീവിത രീതികളും, മനസ്സിലാക്കാനും നേർവഴിക്ക് നടത്താനും സമയം കണ്ടെത്തിയില്ലങ്കിൽ നമ്മുടെ അധ്വാനവും, കഷ്ടപ്പാടുകളും, ഒരുപക്ഷേ നഷ്ടപ്പെടാൻ ഇടയുണ്ട്.

നമ്മുടെ ഭവനത്തിൽ എല്ലാദിവസവും കുടുംബപ്രാർത്ഥനയും, ബൈബിൾവായന, നടത്തുന്നത് ഒരു ശീലമാക്കി കൊണ്ടുവരണം. കതിരെ കൊണ്ടുപോയി വളം ഇട്ടിട്ട് കാര്യമില്ല. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട.

# Catechism News

### Scholarship Examination

Scholarship Examination for students of standard 5th, 7th and 9th will be held on 1st May 2022. Students are requested to prepare well for the exam.

### Holy communion

Children of our parish will receive their First Holy Communion on 29th May 2022. Let us all pray for these children to be filled with the love of Jesus as they live under the shadow of His guiding light.

# SMYM NEWS

### GOOD FRIDAY TABLEAU

A tableau was held in connection with the Good Friday in the parish, by SMYM during the solemn celebration of Way of the Cross. We are very proud to visualise the various places on the Way of the Cross as well as the various miracles in the Gospel. The miracles were explained to the audience through commentaries in various languages such as Malayalam, English and Tamil. We would like to express our heartfelt gratitude to Fr. Vicar, Asst.Vicar, various pious associations and all who helped us so much in this endeavour.

### ONE DAY PICNIC @ KOTHAMANGALAM

This year's picnic for the SMYM youth in the parish was held on 23rd April 2022. We visited various tourist places like Thattekkad, Bhoothankettu and Kuttampuzha near Kothamangalam in Kerala. The journey started early in the morning at 12 am. after the Holy Mass, was absolutely blessed. About 55 young people took part in the trip. We all really enjoyed the picnic. Heartfelt thanks to all the organizers who worked hard to make this day beautiful.



# KIDS CORNER

## Unscramble the letters to find the words in “Jesus heals the man with leprosy” anagram

adeeiss ____________________

aceilmr ____________________

eloprsy ____________________

cdehotu ____________________

acdeelns ____________________

behlmu ____________________

aeegmss ____________________

cdorsw ____________________

aadfir ____________________

ceinot ____________________

# Marian Knowledge

1. Which Pope said, "The rosary procures an increase of Christian people."
   Pope Urban III
2. Who are the Marian Fathers?
   Saints Ephrem, Ambrose and Jerome
3. Who are the Marian Doctors?
   Saints Bonaventure, Bernard, Alphonsus Ligouri and Peter Damian.
4. Who are the Marian Writers?
   Saints Bonaventure, Montfort, John Eudes, and Bossuet
5. Who said, "The Madonna is not pleased when she is put above her son"?
   Pope John XXIII.
6. How many times isthe name of Mary mentioned in the gospels?
   Mathew – 5; Mark –1; Luke –12; and in St. John's Gospel Mary is simply referred to as 'Mother' and 'Woman'.
7. Who said, "All the treasures of the mercy of God are in her hands"?
   St. Peter Damian
8. Where did Christians die as martyrs rather than trample on the rosary?
   Nagasaki in Japan
9. To whom did Don Bosco say, "I am willing to give up your cherished friendship, but
   I shall not abandon therecitation of the rosary"?
   To Minister Rattazzi
10. Which Pope is known as Our Lady's Pope?
   Pope Pius XII0

# MAY 2022

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| **1**<br>Uyirppu 3rd Sunday<br>Gen3:17-19,23-24<br>Wis 9:10-18<br>Col3:14-17, Mt 13:53-58 | **2**<br>Tit 1:6-9<br>Jn10:14-18 | **3**<br>Sts. Philip & Jacob<br>Eph1:12-17<br>Jn14:1-11 | **4**<br>Col3:12-17<br>Lk1:46-56 | **5**<br>Eph6:1-9<br>Mt20:17-28 | **6**<br>St. Dominic Savio<br>1Jn2:14-17<br>Lk18:15-17 | **7**<br>Rev3:15-22<br>Jn10:14-16;22-30 |
| **8**<br>Uyirppu 4th Sunday<br>Josh1:1-9<br>2Chr15:1-7<br>2Cor13:5-10, Mt28:16-20 | **9**<br>Rev21:1-7<br>Jn14:15-24 | **10**<br>1Cor3:18-23<br>Mk3:13-19 | **11**<br>Phil 1:21-25<br>Jn1:35-42 | **12**<br>Colo1:24-29<br>Jn6:52-59 | **13**<br>2Cor5:14-20<br>Jn3:1-12 | **14**<br>St. Mathias<br>Rom8:26-30<br>Jn6:60-69 |
| **15**<br>Uyirppu 5th Sunday<br>Ex4:27-31<br>Tob5:1-10,16-21<br>Acts12:24-13:3<br>Lk10:1-12 | **16**<br>2Cor12:5-10<br>Lk9:1-6 | **17**<br>Phil2:19-30<br>Lk8:1-8 | **18**<br>Phil4:10-20<br>Lk17:5-10 | **19**<br>1 Cor15:1-11<br>Lk9:57-62 | **20**<br>1Cor3:1-9<br>Mt13:24-30 | **21**<br>Rom11:11-16<br>Lk7:1-10 |
| **22**<br>Uyirppu 6th Sunday<br>Gen9:8-17<br>2Kings 2:1-15<br>Rom8:1-11, Jn 5:19-29 | **23**<br>Rom3:21-26<br>Jn4:27-30;39-42 | **24**<br>Rom 6:19-23<br>Jn5:36-47 | **25**<br>Acts20:7-12<br>Mk5:21-24;35-43 | **26**<br>Ascension of Jesus<br>Gen5:18-24<br>Acts1:1-14<br>Heb10:1-14, Mk16:9-20 | **27**<br>Acts 5:1-14<br>Jn1:35-39 | **28**<br>Heb8:1-6<br>Jn17:9-19 |
| **29**<br>Uyirppu 7th Sunday<br>Gen28:10-19<br>Mic4:1-5<br>1Pet1:3-9, Lk24:44-53 | **30**<br>1Tim2:1-7<br>Lk18:1-8 | **31**<br>Visitation of St.Mary<br>Rom12:9-16<br>Lk1:39-45 | | | | |

# JUNE 2022

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | | **1**<br>St. Justin<br>1Cor 1:18-25<br>Lk 12:2-8 | **2**<br>Acts 10:44-49<br>Mt 7:7-14 | **3**<br>Eph6:14-20<br>Jn4:19-24 | **4**<br>2Cor1:17-22<br>Lk11:5-13 |
| **5**<br>Feast of Pentecost<br>Gen2:1-8<br>Job33:2-4,34:14-15<br>Acts2:1-21<br>Jn20:19-23 | **6**<br>Gal3:10-14<br>Jn16:5-15 | **7**<br>1Cor12:4-11;28-31<br>Lk19:11-27 | **8**<br>St. Mariam Thresia<br>Gen12:1-4, Sira2:1-6<br>Gal2:19-21<br>Mt25:31-40 | **9**<br>Mar Ephrem<br>Rom 5:1-5<br>Mt 5: 13-20 | **10**<br>Swarnavelli<br>Acts 3:1-10<br>Jn16:19-24 | **11**<br>Rom14:1-9<br>Mk13:9-13 |
| **12**<br>Sliha 2nd Sunday<br>Exo 19:1-8<br>Ezek2:1-7, Rom5:1-5<br>Jn16:12-15 | **13**<br>St. Antony of Padua<br>Eph3:14-19<br>Mt22:34-40 | **14**<br>Rev 18:1-8<br>Mk8:34-38 | **15**<br>Heb10:11-18<br>Lk14:25-35 | **16**<br>Corpus Christi<br>1Cor11:23-30<br>Mt26:17-29 | **17**<br>Heb 10:32-39<br>Mk10:23-31 | **18**<br>2Cor3:1-6<br>Jn10:31-42 |
| **19**<br>Sliha 3rd Sunday<br>Exo23:20-26<br>Jonah4:1-11<br>Rom15:14-21,Lk9:1-6 | **20**<br>Rom1:1-7<br>Lk4:14-22 | **21**<br>Acts 19:11-20<br>Mt17:14-21 | **22**<br>Rev 3:14-22<br>Jn9:1-11 | **23**<br>Col2:8-17<br>Mk3:1-12 | **24**<br>Sacred Heart of Jesus<br>Heb10:19-24<br>Jn19:31-37 | **25**<br>Immaculate Heart of Mary<br>Eph1:2-8<br>Lk2:41-51 |
| **26**<br>Sliha4th Sunday<br>Ex20:1-17<br>Ezek3:1-11<br>Rom10:5-15, Jn6:60-69 | **27**<br>2Tim3:10-17<br>Mk4:10-20 | **28**<br>Heb8:7-13<br>Jn6:41-46 | **29**<br>Sts. Peter & Paul<br>1Cor15:1-11<br>Mt16:13-19 | **30**<br>Rev5:12-20<br>Jn17:1-8 | | |

K.J GEORGE
Cell: 9865259919

Nirmala MATHA
CHITS (TAMIL NADU) PVT.LTD
0422 6506785
0422 2536785

A.G. VARGHESE

Phone : 0422-5514235
Mobile : 98422 18161

ATHANIKKAL ENGINEERING

Manufactures of : M.V. Panel Boards, Changeovar Panel Boards
Sub Switch Boards, Motor Control Centres, Bus Ducts,
Generator Centrol Panel Boards, All Taxtile Control Panel Boards,
AMF Control Panels

No. 13, Industrial Estate (Near Gem), Ganapathy, Coimbatore - 641 006.

Divine
Digital Diagnostics
(Centre for Accurate Clinical & Medical Investigations)
ISO 9001: 2015 Certified & AERB Govt. of India Approved Unit
டிவைன் இரத்தப் பரிசோதனை நிலையம்

0422-2523645
94439 13645
94893 63377







DIGITAL X-RAY, LAB & ECG

WORKING HOURS: 7-AM TO 9-PM
SUNDAY 7-AM TO 1-PM

MASTER HEALTH CHECKUP 50% OFF

* HAEMATOLOGY * SEROLOGY * BIO CHEMISTRY * HORMONES * CLINICAL PATHOLOGY
*IMMUNOLOGY * ECG * MICROBIOLOGY * DIGITAL X-RAY (500MA) *MASTER HEALTH CHECKUP

Head office : 343, 3rd Street Exten., Gandhipuram Coimbatore-641012
Branch Office : 84, Amara Jeevanantham Road, Rathinapuri Coimbatore-641027
divinediagnoscbe@gmail.com

P.J. VARGHESE (JOBI)

: 0422-2494007
98432 96007

JOSE AUTOMOBILES
MULTIBRAND FOUR WHEELER SERVICE
MECHANICAL, TINKERING, PAINTING, ELECTRICAL, UPHOLSTRY, ACCESSORIES
A/C, WATER SERVICE, INTERIOR CLEANING, INTERIOR ENRICHMENT

JB CABS
Tours & Travel Operator

A/c Cars & Vans Available for Rent
Innova, Etios, Swift, Tempo Traveller, Swaraj Mazda

205-A, 11th STREET, GANDHIPURAM, COIMBATORE - 12